**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4235** **06-03-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ക്ഷീര സഹകരണസംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2017 മുതൽ നാളിതുവരെ എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും, പ്രത്യേക വികസന ഫണ്ടിൽ നിന്നും എത്ര ക്ഷീര സഹകരണസംഘങ്ങൾക്കാണ് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ഈ സഹകരണ സംഘങ്ങളുടെ ഭൂമി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നും അറിയിക്കാമോ; | (എ) | ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; | (ബി) | പ്രവൃത്തി ശുപാർശ ചെയ്യുന്നത് ആസ്തി വികസന പദ്ധതിയിൽ നിന്നും ആണെങ്കിൽ 04.08.2018 ലെ സ.ഉ.(അച്ചടി)നം.119/2018/ധന, 29.12.2015 ലെ സ.ഉ.(പി) നം.591/2015/ധന ഉത്തരവുകളിലെയും പ്രത്യേക വികസന നിധിയിൽ നിന്നാണെങ്കിൽ 29.12.2017 ലെ സ.ഉ.(അച്ചടി)നം.161/2017/ധന ഉത്തരവിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ച് കൊണ്ട് ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കാവുന്നതാണ്. ആയതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതാണ് |
| (സി) | സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തി ശുപാർശ ചെയ്യുന്നത് ആസ്തി വികസന പദ്ധതിയിൽ നിന്നും ആണെങ്കിൽ 04.08.2018 ലെ സ.ഉ.(അച്ചടി)നം.119/2018/ധന, 29.12.2015 ലെ സ.ഉ.(പി) നം.591/2015/ധന ഉത്തരവുകളിലെയും പ്രത്യേക വികസന നിധിയിൽ നിന്നാണെങ്കിൽ 29.12.2017 ലെ സ.ഉ.(അച്ചടി)നം.161/2017/ധന ഉത്തരവിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ച് കൊണ്ട് ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കാവുന്നതാണ്. ആയതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതാണ് |

സെക്ഷൻ ഓഫീസർ

**തിരുവനന്തപുരം**

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിലും 2018-19 സാമ്പത്തിക വർഷത്തിലും ഓരോ പ്രവൃത്തികൾക്ക 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.സ്വന്തമായി ഭൂമിയുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്കാണ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത

**കൊല്ലം**

2017 മുതൽ നാളിതുവരെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്ന് 4-ഉം പ്രത്യേക വികസന നിധിയിൽ നിന്ന് 14-ഉം ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളെല്ലാം തന്നെ ക്ഷീര സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ്.

**ആലപ്പുഴ**

ആസ്തി വികസന പദ്ധതിയിൽ നിന്നും കായംകുളം നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം 2-ഉം ചേർത്തല നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം 1 പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ഷീര സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് ടി നിർമ്മാണങ്ങൾ. എന്നാൽ 2017 മുതൽ നാളിതുവരെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന അനുമതി നൽകിയിട്ടില്ല

**പത്തനംതിട്ട**

2017 മുതൽ നാളിതുവരെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്ന് 1-ഉം പ്രത്യേക വികസന നിധിയിൽ നിന്ന് 2-ഉം ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളെല്ലാം തന്നെ ക്ഷീര സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ്.

**കോട്ടയം**

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ 2018-19 ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തി അനുവദിച്ചിട്ടുണ്ട് . കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ 2020-21 ലെ പ്രത്യേക വികസന നിധിയിൽ നിന്നും ഒരു പ്രവൃത്തിക്കും വൈക്കം മണ്ഡലത്തിലെ 2021-22 ലെ പ്രത്യേക വികസന നിധിയിൽ നിന്ന ഒരു പ്രവൃത്തിക്കും ഭരണാനുമതി നല്കിട്ടുണ്ട്.

**ഇടുക്കി**

ഇടുക്കി ജില്ലയിൽ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രത്യേക വികസന നിധിയിൽ നിന്നും 3 വീതം പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ക്ഷീര സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് ടി നിർമ്മാണങ്ങൾ

**എറണാകുളം**

2017 മുതൽ നാളിതുവരെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രത്യേക വികസന നിധിയിൽ നിന്നും ആലുവ, അങ്കമാലി, കുന്നത്തുനാട്, കോതമംഗലം നിയോജകമണ്ഡലങ്ങളിൽ ഓരോ ക്ഷീര സഹകരണ സംഘങ്ങൾക്ക് വീതം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**<u>തൃശ്ശൂർ</u>**

ചാലക്കുടി നിയോജകമണ്ഡലത്തിലെ 2017-18, 2019-20 സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2 വീതം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ 2017-18 ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2-ഉം 2018-19 ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് 1-ഉം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2017 മുതൽ നാളിതുവരെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ല

**<u>പാലക്കാട്</u>**

2017 മുതൽ നാളിതുവരെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്ന് 4-ഉം പ്രത്യേക വികസന നിധിയിൽ നിന്ന് 6-ഉം ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളെല്ലാം തന്നെ ക്ഷീര സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ്.

**<u>മലപ്പുറം</u>**

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ 2018-19 ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ക്ഷീര സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് നിർമ്മാണം. എന്നാൽ 2017 മുതൽ നാളിതുവരെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ല

**<u>കോഴിക്കോട്</u>**

എലത്തൂർ നിയോജകമണ്ഡലത്തിലെ 2017-18 ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്ന് 2 പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ നിർമ്മാണം.

**<u>വയനാട്</u>**

സുൽത്താൻ ബത്തേരി മണ്ഡലത്തിലെ 2017-18 ലെ പ്രത്യേക വികസന നിധിയിൽ നിന്ന് 2-ഉം 2019-20 ലെ പ്രത്യേക വികസന നിധിയിൽ നിന്ന് 1-ഉം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭൂമി സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിൽ

ഉള്ളതാണ്.

**കണ്ണൂർ**

2017 മുതൽ നാളിതുവരെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്ന് ഒരു പ്രവൃത്തിക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ആയത് ക്ഷീര സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്. എന്നാൽ 2017 മുതൽ നാളിതുവരെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ല

**കാസർഗോഡ്**

കാഞ്ഞങ്ങാട് മണ്ഡലത്തിലെ 2019-20 ലെ ആസ്തി വികസന പദ്ധതിയിൽ നിന്നും 2021-22 ലെ പ്രത്യേക വികസന നിധിയിൽ നിന്നും ഓരോ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ടി 2 പ്രവൃത്തികളുടെയും സ്ഥലം സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്.

**കേരള സർക്കാർ**
**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - 2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.119/2018/ധന.** **തിരുവനന്തപുരം, തീയതി : 04/08/2018**

---

പരാമർശം:

1. സ.ഉ.(പി) നം. 332/2012/ധന. തീയതി 11.06.2012.
2. സ.ഉ.(പി) നം. 86/2017/ധന. തീയതി 04.07.2017.
3. സ.ഉ.(പി) നം. 337/2012/ധന. തീയതി 12.06.2012.
4. സ.ഉ.(പി) നം. 419/2012/ധന. തീയതി 26.07.2012.
5. സ.ഉ.(പി) നം. 157/2013/ധന. തീയതി 06.04.2013.
6. സ.ഉ.(പി) നം. 161/2013/ധന. തീയതി 09.04.2013.
7. സ.ഉ.(പി) നം. 311/2014/ധന. തീയതി 30.07.2014.
8. സ.ഉ.(പി) നം. 505/2014/ധന. തീയതി 15.11.2014.
9. സ.ഉ.(പി) നം. 47/2015/ധന. തീയതി 20.01.2015.
10. സ.ഉ.(പി) നം. 90/2015/ധന. തീയതി 19.02.2015.
11. സ.ഉ.(പി) നം. 213/2015/ധന. തീയതി 05.06.2015.
12. സ.ഉ.(പി) നം. 257/2015/ധന തീയതി 26.06.2015.
13. സ.ഉ.(പി) നം. 591/2015/ധന. തീയതി 29.12.2015.
14. സ.ഉ.(പി) നം. 26/2016/ധന. തീയതി 25.02.2016.
15. സ.ഉ.(പി) നം. 178/2016/ധന. തീയതി 09.12.2016.
16. സ.ഉ.(പി) നം. 192/2016/ധന. തീയതി 30.12.2016.
17. സ.ഉ.(പി) നം. 27/2017/ധന. തീയതി 26.02.2017.
18. സ.ഉ.(പി) നം. 41/2017/ധന. തീയതി 25.03.2017.
19. സ.ഉ.(പി) നം. 44/2017/ധന. തീയതി 08.05.2017.
20. സ.ഉ.(പി) നം. 60/2017/ധന. തീയതി 08.05.2017.
21. സ.ഉ.(പി) നം. 62/2017/ധന. തീയതി 11.05.2017.
22. സ.ഉ.(പി) നം. 63/2017/ധന. തീയതി 12.05.2017.
23. സർക്കുലർ നം. 73/2012/ധന. തീയതി 28.12.2012.
24. സർക്കുലർ നം. 44/2013/ധന. തീയതി 21.05.2013.
25. സർക്കുലർ നം. 80/2013/ധന. തീയതി 19.10.2013.
26. സർക്കുലർ നം. 97/2013/ധന. തീയതി 04.12.2013.
27. സർക്കുലർ നം. 54/2014/ധന. തീയതി 06.06.2014.
28. സർക്കുലർ നം. 67/2015/ധന. തീയതി 22.07.2015.
29. സർക്കുലർ നം. 68/2015/ധന. തീയതി 28.07.2015.
30. സർക്കുലർ നം. 74/2016/ധന. തീയതി 07.09.2016.
31. സർക്കുലർ നം. 54/2016/ധന. തീയതി 22.06.2016.

## ഉത്തരവ്

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമാക്കിക്കൊണ്ട് പരാമർശം 1 ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചു. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ജലസേചനം, ശുചിത്വപരിപാലനം, കൃഷി, മൃഗപരിപാലനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

നോമിനേറ്റഡ് എം.എൽ.എ ഉൾപ്പെടെ ഓരോ എം.എൽ.എ.യ്ക്കും 5 കോടി രൂപ വീതം, ആകെ 705 കോടി രൂപയാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ഓരോ സാമ്പത്തികവർഷവും വകയിരുത്തിയിട്ടുള്ളത്. ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ് പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തികവർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിനുള്ള വിശദമായ മാർഗ്ഗരേഖ പരാമർശം 2 ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.

6/6/2018 ൽ ബഹു നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായി പുറത്തിറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പരാമർശത്തിലെ എല്ലാ ഉത്തരവുകളും സർക്കുലറുകളും ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അജിത് കുമാർ. എ.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. എല്ലാ ട്രഷറി ഓഫീസർമാർക്കും
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E-421468]

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**

## നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ (LAC ADS) മാർഗ്ഗനിർദ്ദേശങ്ങൾ

### 1. പദ്ധതി

1.1. നിയോജകമണ്ഡലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഓരോ എം.എൽ.എ.യ്ക്കും പ്രതിവർഷം 5 കോടി രൂപ വീതം ആകെ 705 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1.2. പ്രതിവർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ ഓരോ എം.എൽ.എ. യ്ക്കും തങ്ങളുടെ മണ്ഡലത്തിൽ 10 ലക്ഷം രൂപയോ അതിനു മുകളിലോ എസ്റ്റിമേറ്റ് തുകയുള്ള പരമാവധി 20 പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. ശുപാർശകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കാണ് നല്കേണ്ടത്. എം.എൽ.എ ശുപാർശ ചെയ്യുന്ന ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെ ആണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. എന്നാൽ പ്രതിവർഷം 5 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ നിർദ്ദേശിക്കുവാനോ ഭരണാനുമതി നല്കുവാനോ പാടുള്ളതല്ല.

1.3. ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ ഉടമസ്ഥതയിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, ജലവിതരണം, ജലസേചനം, ശുചിത്വപരിപാലനം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, പൊതുസമൂഹത്തിന് വളരെയേറെ പ്രയോജനം ചെയ്യുന്ന അടിസ്ഥാന സൗകര്യം

വികസിപ്പിക്കുന്നതിനായുള്ള യന്ത്രങ്ങൾ, ഉപകരണങ്ങൾ, മറ്റു അനുബന്ധ സാമഗ്രികൾ എന്നിവയുടെ വാങ്ങൽ എന്നിവയാണ്.

1.4. എം.എൽ.എ.മാർ അവരവരുടെ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായാണ് ശുപാർശകൾ സമർപ്പിക്കേണ്ടത്. എന്നാൽ നോമിനേറ്റഡ് എം.എൽ.എ.യ്ക്ക് സംസ്ഥാനത്തിന്റെ ഏതു ഭാഗത്ത് വേണമെങ്കിലും പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിനായി നോമിനേറ്റഡ് എം.എൽ.എ. അദ്ദേഹത്തിന്റെ ജില്ലയിലെ കളക്ടർക്കാണ് കത്ത് നൽകേണ്ടത്. എന്നാൽ ശുപാർശ ചെയ്ത പ്രവൃത്തി മറ്റു ജില്ലയിലേക്കുള്ളതാണെങ്കിൽ ആയത് പ്രതിവർഷം അനുവദിച്ചിരിക്കുന്ന 5 കോടിയിൽ അധികരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിക്കൊണ്ട് പ്രസ്തുത കത്ത് ബന്ധപ്പെട്ട കളക്ടർക്ക് (മറ്റു ജില്ലയിലെ കളക്ടർക്ക്) കൈമാറേണ്ടതാണ്

1.5. പ്രവൃത്തി ശുപാർശ ചെയ്യുന്ന എംഎൽഎ പ്രസ്തുത പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന് / പ്രദേശത്തിന് അനിവാര്യമാണെന്ന് അതത് വകുപ്പിലെ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് തീരുമാനിക്കുകയും മറ്റ് ഫണ്ടുകൾ പ്രസ്തുത പ്രവൃത്തിയ്ക്കായി ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. അപ്രകാരം എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ ആവശ്യകത വീണ്ടും പരിശോധിക്കേണ്ടതില്ല. അത്തരത്തിൽ ശുപാർശ ചെയ്ത് സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തി മണ്ഡലത്തിൽ ആവശ്യമില്ല എന്ന് എം.എൽ.എ.യ്ക്ക് ഉത്തമ ബോധ്യം ഉള്ള പക്ഷം ആയത് റദ്ദ് ചെയ്യാവുന്നതും പകരം പുതിയ പ്രവൃത്തി ആ സാമ്പത്തികവർഷത്തിൽ തന്നെ ശുപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ഒരു സാമ്പത്തികവർഷത്തിന് ശേഷം പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല.

1.6. ഓരോ സാമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. അതിനായി എം.എൽ.എ.മാർ തങ്ങളുടെ ശുപാർശകൾ ഓരോ സാമ്പത്തികവർഷത്തിലും

***ആഗസ്റ്റ് 31 ന് മുൻപായി*** ബന്ധപ്പെട്ട കളക്ടർമാരെ ഏല്പിക്കേണ്ടതാണ്.

1.7. ഓരോ സാമ്പത്തികവർഷത്തിലും തങ്ങൾക്ക് അനുവദിച്ച 5 കോടി രൂപയുടെ പ്രവൃത്തികൾ എം.എൽ.എ.മാർ അതത് വർഷം തന്നെ ശുപാർശ ചെയ്യേണ്ടതാണ്. അപ്രകാരം ശുപാർശ സമർപ്പിച്ചിട്ടില്ല എങ്കിൽ പ്രസ്തുത തുക ലാപ്സാവുന്നതാണ്.

2. **പദ്ധതിയുടെ പ്രത്യേകതകൾ**

2.1. ഓരോ എം.എൽ.എ.യ്ക്കും നിയോജകമണ്ഡലത്തിലെ പ്രാദേശിക ആവശ്യകതയ്ക്ക് അനുസരിച്ച് 5 കോടി രൂപയുടെ പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതും ആയത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർ നടപ്പാക്കേണ്ടതുമാണ്. സർക്കാർ/ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ/ അംഗീകരിക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടത്.

2.2. മറ്റു പദ്ധതികൾ, സ്കീമുകൾ എന്നിവയുടെ പൂർത്തീകരണത്തിനായോ മറ്റു ഫണ്ടുകളുമായി ചേർത്തുകൊണ്ടോ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നാൽ, NABARD-RIDF സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി, സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതി എന്നിവയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

2.3. എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പദ്ധതിപ്രദേശം എം.എൽ.എ.യുടെ അനുമതിയില്ലാതെ മാറ്റുവാൻ പാടില്ല.

2.4. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ ദീർഘകാലം നിലനിൽക്കുന്ന മൂലധനസ്വാഭാവമുള്ള ആസ്തികളായിരിക്കണം. അത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിഷിപ്തമാണ്. സർക്കാരിന്റെ

മുൻകൂർ അനുമതിയില്ലാതെ അത്തരം ആസ്തികളുടെ വിൽപ്പന, കൈമാറ്റം, തീർപ്പാക്കൽ എന്നിവ അനുവദനീയമല്ല. അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ സംരക്ഷണവും ചുമതലയും ഏത് സ്ഥാപനത്തിന് വേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് അവരിൽ നിക്ഷിപ്തമായിരിക്കും. സർക്കാരിതര ഗുണഭോക്തൃ സ്ഥാപനങ്ങൾക്കാണ് ആസ്തി വികസന പദ്ധതി വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതെങ്കിൽ അത്തരം സ്ഥാപനങ്ങൾ മേൽ നിബന്ധനകൾ പാലിക്കുന്നതാണെന്ന് സർക്കാരുമായി ഒരു ഉടമ്പടി ഉണ്ടാക്കേണ്ടതാണ്.

2.5. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ **അനുബന്ധം 1** ആയും അനുവദനീയമല്ലാത്ത പ്രവൃത്തികൾ **അനുബന്ധം 2** ആയും നൽകിയിട്ടുണ്ട്.

2.6. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പൂർണ്ണമായും ഓൺലൈൻ വെബ് അധിഷ്ഠിതമായാണ് കൈകാര്യം ചെയ്യുന്നത് (http://ads2.kerala.gov.in).

2.7. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റുകൾ ഏറ്റവും പുതിയ SoR പ്രകാരം 'പ്രൈസ് സോഫ്റ്റ് വെയർ' ൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് വരുന്ന പക്ഷം ആയത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായാണ് പരിശോധിക്കേണ്ടത്.

2.8. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കൂടുതൽ / കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല

ആസ്തിവികസന പദ്ധതി 2017-18 ന കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19 ന കീഴിൽ പരിഗണിക്കാവുന്നതാണ്.

2.9. ഒരു സാമ്പത്തികവർഷത്തെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്.

2.10. ടെണ്ടർ എക്സസ് ആണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തികവർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

2.11. പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും ഇ-ടെണ്ടർ വ്യവസ്ഥയിലാണ് നടപ്പിലാക്കേണ്ടത്.

2.12. ഇ-ടെണ്ടറിംഗ്, പദ്ധതികളുടെ നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും/പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയ്ക്ക് ബാധകമാണ്.

2.13. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നതിനാൽ സർക്കാർ സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നത്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുന്നത് എന്നിവയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രം) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി ബസ് വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ ആവശ്യകതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ബസ് അനുവദിക്കുന്നതിന്റെ ഭാഗമായി യാതൊരു വിധത്തിലുള്ള തസ്തിക സൃഷ്ടിക്കലോ ആവർത്തന ചെലവുകളോ

ആസ്തി വികസന പദ്ധതിയിൽ നിന്ന് അനുവദിക്കുന്നതല്ല.

2.14. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ആരോഗ്യ മേഖലയ്ക്കും ഊന്നൽ നൽകിയിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെയുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് അത്തരം ഉപകരണങ്ങൾ മൂലധനസ്വഭാവമുള്ളവയാണെന്നും അവയുടെ മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കൊള്ളാമെന്നുമുള്ള ബന്ധപ്പെട്ട ആശുപത്രിയുടെ മേലാധികാരിയുടെ സത്യവാങ്മൂലവും കൃത്യമായ ഇൻവോയിസുകളും സമർപ്പിക്കേണ്ടതാണ്. ആവർത്തന ചെലവ് വരുന്നതും മൂലധനസ്വഭാവമില്ലാത്തതുമായ യാതൊരുവിധ വാങ്ങലുകളും അനുവദനീയമല്ല.

3. **<u>പ്രവൃത്തികളുടെ ഭരണാനുമതിയും നിർവ്വഹണവും</u>**

3.1. ഒരു പ്രവൃത്തി തിരഞ്ഞെടുക്കുന്നതിനും ആയതിന് ഭരണാനുമതി നൽകുന്നതിനും എം.എൽ.എ.യുടെ അനുമതി ജില്ലാ കളക്ടർ നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ എം.എൽ.എ. ശുപാർശ ലഭ്യമാക്കിയതിന് ശേഷം സാങ്കേതിക കാരണങ്ങളാൽ (ഉദാ: സ്ഥല ലഭ്യത ഇല്ലായ്മ, ശുപാർശ ചെയ്ത പ്രവൃത്തി പ്രസ്തുത സ്ഥലത്തിന് അനുയോജ്യമല്ലാതെ വരുന്ന സാഹചര്യങ്ങൾ) നടപ്പിലാക്കാൻ കഴിയാതെ വരുകയാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ എം.എൽ.എ.യ്ക്ക് കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു റിപ്പോർട്ട് നൽകേണ്ടതാണ്.

3.2. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തി നിർദ്ദേശങ്ങൾക്കുമേൽ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും (ഉദാ: പിഡബ്ല്യൂഡി, തദ്ദേശ സ്വയം ഭരണ വകുപ്പ്, വാട്ടർഅതോറിറ്റി തുടങ്ങിയവ) വിശദമായ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SoR പ്രകാരം 'പ്രൈസ് സോഫ്റ്റ് വെയറിൽ' തയ്യാറാക്കി വാങ്ങേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും ആണ്. ഒരു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയ്ക്കുമുള്ള ഭരണാനുമതി പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

3.3. ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് എം.എൽ.എ. ശുപാർശ ചെയ്തിരിക്കുന്ന പ്രവൃത്തികളുടെ പ്രായോഗികത ബന്ധപ്പെട്ട വകുപ്പുകളിലെ സാങ്കേതികവിദഗ്ദ്ധർ ഉറപ്പ് വരുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3.4. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ശുപാർശകൾക്ക് പൊതുമരാമത്ത്(ഇലക്ട്രിക്കൽ) വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ പുതുക്കിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം അനുമതി നൽകേണ്ടത്.

3.5. എം.എൽ.എ.മാർ സമർപ്പിച്ച ശുപാർശകളിന്മേലുള്ള ഭരണാനുമതി, സാങ്കേതികാനുമതി, നിർവ്വഹണം സംബന്ധിച്ച സമയപരിധി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി നൽകുന്നു.

3.6. പ്രതിമാസ പ്രവൃത്തി പുരോഗമന റിപ്പോർട്ട് തൊട്ടടുത്ത മാസം 10 -ാം തീയതിയ്ക്ക് മുമ്പായി **അനുബന്ധം 4** ൽ നൽകിയിരിക്കുന്ന മാതൃക പ്രകാരം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച് ഒരു ത്രൈമാസ റിപ്പോർട്ടും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം.എൽ.എ.മാർക്ക് നൽകേണ്ടതാണ്.

3.7. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് മുമ്പ് സ്ഥലലഭ്യത, ഏറ്റവും പുതിയ SoR പ്രകാരമുള്ള എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം എന്നിവ ഉണ്ടായിരിക്കേണ്ടാതാണെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

3.8. എം.എൽ.എ. ശുപാർശ ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് മുൻപ് പദ്ധതിയുടെ ഗുണഭോക്താവായ സ്ഥാപനത്തിന്റെ ആവശ്യങ്ങൾ/ അഭിപ്രായങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

3.9. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ ഓഫീസർമാർ അതത് ജില്ലാ കളക്ടർമാർ ആയതിനാൽ ഗുണഭോക്തൃ വകുപ്പുകൾ തമ്മിലുള്ള ശരിയായ ഏകോപനം ജില്ലാ കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

3.10. എം.എൽ.എ. ശുപാർശ ചെയ്യുന്ന പ്രവൃത്തികളും അവയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ, നിർവ്വഹണം, പുരോഗതി, ഫണ്ടനുവദിക്കൽ, ഏതു വകുപ്പിലേക്കാണ് പ്രസ്തുത പ്രവൃത്തി അനുവദിച്ചത് എന്നത് സംബന്ധിച്ച് ഓരോ എം.എൽ.എ.യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ സ്ഥാപനങ്ങൾ/ വകുപ്പുകളും എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് സൃഷ്ടിക്കപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ് തുക, പ്രവൃത്തി പൂർത്തീകരിച്ച തീയതി എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

3.11. ഒരു നിയോജകമണ്ഡലം രണ്ട് ജില്ലകളിലായിട്ടാണെങ്കിൽ നിയോജകമണ്ഡലത്തിന്റെ വിസ്തീർണ്ണത്തിന്റെ ഭൂരിഭാഗം സ്ഥിതി ചെയ്യുന്ന ജില്ലയുടെ കളക്ടറാണ് പ്രവൃത്തികളിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

3.12. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ വിവിധ സംസ്ഥാന ഏജൻസികളായ പൊതുമരാമത്ത്, ഗ്രാമവികസനം, ജലവിഭവം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പ്രാദേശിക വികസന അതോറിറ്റികൾ, ജല അതോറിറ്റി, സർക്കാർ അംഗീകരിച്ചിട്ടുള്ള വിവിധ അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് നടത്തേണ്ടത്. ഓരോ ജില്ലയിലെയും കളക്ടർമാരാണ് ഇവയുടെ ഏകോപനവും മേൽനോട്ടവും വഹിക്കേണ്ടത്. നിർവ്വഹണ ഏജൻസികൾക്ക് ഭരണചെലവുകൾ, സെന്റേജ് ചാർജ്ജ് (അക്രഡിറ്റഡ് ഏജൻസികൾ ഒഴികെ) എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും നിർവ്വഹണ ഏജൻസികൾക്ക് ബാധകമാണ്.

3.13. ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ് സംസ്ഥാന തലത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പൊതു ഉത്തരവുകൾ/ നിർദ്ദേശങ്ങൾ,

സ്പഷ്ടീകരണങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നതും ആവശ്യമായ തുക അനുവദിക്കുന്നതും ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിന്നാണ്. അത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ എല്ലാ എം.എൽ.എ. മാർക്കും ലഭ്യമാക്കുന്നതാണ്.

3.14. പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ സാധാരണ ഗതിയിലുള്ള എല്ലാ ധനകാര്യ പരിശോധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമാകുന്നതാണ്.

3.15. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക അതത് നിയോജകമണ്ഡലങ്ങൾക്കുള്ളതാണ്. ഏതെങ്കിലും കാരണവശാൽ എം.എൽ.എ യ്ക്ക് മാറ്റം ഉണ്ടായാലും ആ മണ്ഡലത്തിലേക്ക് വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് മാറ്റം വരുന്നതല്ല. അത്തരം സന്ദർഭങ്ങളിൽ മുൻ എം.എൽ.എ.യുടെയും പുതിയ എം.എൽ.എ.യുടെയും ഏകോപനാധികാരിയായി അതത് ജില്ലാ കളക്ടർമാർ പ്രവർത്തിക്കേണ്ടതാണ്.

3.16. ഏതെങ്കിലും കാരണങ്ങളാൽ എം.എൽ.എ.യ്ക്ക് മാറ്റം ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

   i. മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി നിർവ്വഹണാവസ്ഥയിലാണെങ്കിൽ ആയത് പൂർത്തീകരിക്കേണ്ടതാണ്.
   ii. മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി, ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പോലും മാതൃകാ പെരുമാറ്റച്ചട്ടം കാരണമോ മറ്റേതെങ്കിലും കാരണങ്ങളാലോ നിർവ്വഹണം ആരംഭിച്ചിട്ടില്ലായെങ്കിൽ പുതിയഎം.എൽ.എ.യുടെസമ്മതത്തോടു കൂടി മാത്രമേ നടപ്പിലാക്കാവൂ. പുതുതായി തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.യ്ക്ക് പ്രസ്തുത പ്രവൃത്തിയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനോ പകരം മറ്റൊരു പ്രവൃത്തി ശുപാർശ ചെയ്യുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതാണ്.

3.17. നിയോജകമണ്ഡലങ്ങൾ പുനർനിർണയിക്കുന്ന സന്ദർഭങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക താഴെപ്പറയുന്ന രീതിയിൽ ഉപയോഗിക്കേണ്ടതാണ്.

i. പുനർനിർണ്ണയത്തിന് ശേഷം രൂപീകരിക്കുന്ന പുതിയ മണ്ഡലം പഴയ മണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75 ശതമാനമോ അതിൽ കൂടുതലോ ഉൾപ്പെടുന്നതാണെങ്കിൽ അവശേഷിക്കുന്ന മുഴുവൻ തുകയും പുതിയ മണ്ഡലത്തിനായി വിനിയോഗിക്കാവുന്നതാണ്.

ii. പുനർനിർണ്ണയത്തിന് ശേഷം രൂപീകരിക്കുന്ന പുതിയ മണ്ഡലം പഴയ മണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75 ശതമാനത്തിന് താഴെയാണെങ്കിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പഴയ മണ്ഡലത്തിന്റെയും പുതിയ മണ്ഡലത്തിന്റെയും ഭൂപ്രകൃതിയ്ക്ക് ആനുപാതികമായി വിഭജിച്ച് നൽകേണ്ടതാണ്.

3.18. അനുബന്ധം 1 ൽ നൽകിയിരിക്കുന്ന പ്രവൃത്തികളല്ലാതെയുള്ളവ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദനീയമല്ല. എന്നാൽ അത്തരം പ്രവൃത്തികൾ മണ്ഡലത്തിൽ അനിവാര്യമാണെന്ന് എം.എൽ.എ.യ്ക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് ബഹു. ധനകാര്യ മന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്.

3.19. അനുബന്ധം 1 ൽ നൽകിയിട്ടുള്ള പ്രവൃത്തികൾക്കുപരിയായി എം.എൽ.എ.മാർ പ്രവൃത്തികൾ ശുപാർശ ചെയ്യുന്ന പക്ഷം ആയവയ്ക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനായി യാതൊരു കാരണവശാലും ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം തേടാവുന്നതാണ്.

3.20. ചെക്ക് ലിസ്റ്റ് :- ഭരണാനുമതിക്കായി എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ **അനുബന്ധം 5** ലെ ചെക്ക് ലിസ്റ്റ് പ്രകാരമാണോയെന്നുള്ളത് ഭരണാനുമതി പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ നിർബന്ധമായും പരിശോധിച്ചിരിക്കേണ്ടതാണ്.

## 4. തുക അനുവദിക്കൽ

**4.1.** ഓരോ എം.എൽ.എ.യ്ക്കും 5 കോടി രൂപ വീതം പ്രതിവർഷം 705 കോടി രൂപ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**4.2.** ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് ഓരോ എം.എൽ.എ.യ്ക്കും പ്രതിവർഷം 5 കോടി രൂപയിൽ നിജപ്പെടുത്തിക്കൊണ്ട് ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്.

**4.3.** ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി നേരിട്ട് വിലയിരുത്തി സമർപ്പിക്കുന്ന ബില്ലുകൾക്ക് അനുവദനീയമായ തുക മാത്രം കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അനുവദിക്കുന്നതാണ്.

**4.4.** നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച തുക ഏതെങ്കിലും കാരണങ്ങളാൽ ഒരു എം.എൽ.എ.യ്ക്ക് ഉപയോഗിക്കുവാൻ താൽപ്പര്യം ഇല്ലാത്ത പക്ഷം ആയത് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനെ അറിയിക്കേണ്ടതും ആയത് പിൻവലിക്കുന്നതുമാണ്.

**4.5.** സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് തുക അനുവദിച്ച് നൽകേണ്ടത്.

**4.6.** ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് Special LoC സംവിധാനം വഴി ആയിരിക്കും.

## 5. നിരീക്ഷണ ക്രമീകരണങ്ങൾ

5.1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ വകുപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ്. ഒരു വർഷം അനുവദിക്കുന്ന ആകെ

പ്രവൃത്തികളിൽ 10 ശതമാനത്തിന്റെ എങ്കിലും പുരോഗതി ജില്ലാ കളക്ടർമാർ നേരിട്ട് വിലയിരുത്തേണ്ടതാണ്. മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ആവശ്യമായ 'ഡെലിഗേഷൻ' ജില്ലാ കളക്ടർമാർ തങ്ങളുടെ കീഴുദ്യോഗസ്ഥൻമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മാസത്തിൽ 2 തവണ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തേണ്ടതും റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുമാണ്.

5.2. ധനകാര്യ ജില്ലാ പരിശോധനാ വിഭാഗങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റു പ്രവൃത്തികളും എല്ലാ മാസവും പരിശോധന നടത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്.

5.3. എം.എൽ.എ.മാർക്ക് അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച പൂർണ്ണമായ ഒരു റിപ്പോർട്ട് ജില്ലാ കളക്ടർമാർ സാമ്പത്തിക വർഷാവസാനം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്.

5.4. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയെയും സംബന്ധിച്ച അവലോകനം ഒരു വർഷം രണ്ട് തവണ എങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്.

5.5. പൂർണ്ണമായും ഓൺലൈൻ വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ നടപ്പിലാക്കുന്ന നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പരിശീലനം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതാണ്.

## 6. പൊതുവായ നിർദ്ദേശങ്ങൾ

6.1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞാൽ ഉടൻ തന്നെ ആയത് പൊതുജനങ്ങളുടെ ഉപയോഗത്തിനായി വിട്ടു നൽകേണ്ടതാണ്.

6.2. പദ്ധതി നിർവ്വഹണത്തിനിടയിൽ ഏതെങ്കിലും കാരണങ്ങളാൽ ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത വിശദീകരണങ്ങളോ സ്പഷ്ടീകരണങ്ങളോ ആവശ്യമാണെന്ന് തോന്നുന്ന പക്ഷം എം.എൽ.എ.മാർക്ക്/ ജില്ലാ കളക്ടർമാർക്ക് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനെ സമീപിക്കാവുന്നതാണ്.

**അനുബന്ധം - 1**

## അനുവദനീയമായ പ്രവൃത്തികൾ, പ്രവൃത്തികളുടെ എണ്ണം, അനുവദനീയമായ തുക

ഒരു സാമ്പത്തികവർഷം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ഒരു എം.എൽ.എ യ്ക്ക് അനുവദിക്കുന്ന 5 കോടി രൂപയിൽ 10 ലക്ഷം രൂപയോ അതിനു മുകളിലോ അടങ്കൽ തുകയുള്ള പരമാവധി 20 പ്രവൃത്തികൾ അനുവദനീയമാണ്. പ്രസ്തുത ഫണ്ടുപയോഗിച്ച് നടപ്പിലാക്കാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

i) സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിൽ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ഓവുചാലുകൾ, കലുങ്കുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം.

ii) സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, പാർക്കുകൾ, മൈതാനങ്ങൾ, കളി സ്ഥലം എന്നിവയുടെ നിർമ്മാണം.

iii) കുടിവെള്ള പദ്ധതികൾ, ചെറുകിട ജലസേചന പദ്ധതികൾ തുടങ്ങിയവ.

iv) പൊതുജനോപകാരപ്രദമായ സേവനങ്ങൾ ചെയ്യുന്ന കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ, വൈദ്യുതീകരണം നടത്തുന്നത്, ബസ് സ്റ്റാന്റ്, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം. എന്നാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുവാൻ പാടില്ല.

v) സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം.

vi) സർക്കാർ വിദ്യാലയങ്ങളിൽ/ കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ.

vii) റോഡുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം.

viii) സർക്കാർ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ, തോടുകൾ എന്നിവയ്ക്ക് സംരക്ഷണ ഭിത്തി കെട്ടി നവീകരിക്കുന്നത്.

ix) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ.

x) ആശുപത്രികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ എന്നിവയ്ക്കുള്ള കെട്ടിട നിർമ്മാണം, മൂലധനസ്വഭാവമുള്ള ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നത്.

xi) എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയ്ക്കുള്ള ടോയ് ലെറ്റുകൾ/ പാചകപ്പുര എന്നിവ നിർമ്മിയ്ക്കുന്നതിന്.

xii) ക്ഷീര സഹകരണ സംഘങ്ങൾക്ക് 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള കെട്ടിട നിർമ്മാണം.

**അനുബന്ധം -2**

## അനുവദനീയമല്ലാത്ത പ്രവൃത്തികൾ

1. സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത കെട്ടിടങ്ങളുടെ, കളിസ്ഥലങ്ങളുടെ നിർമ്മാണം.
2. സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിടനിർമ്മാണം.
3. എയ്ഡഡ് സ്കൂളുകളിലെ ടോയ് ലെറ്റ്, പാചകപ്പുര എന്നിവയല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ, ബസ്സ് വാങ്ങൽ, ചലഞ്ച് ഫണ്ടിലൂടെയല്ലാതെയുള്ള സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ എന്നിവ.
4. കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി. എന്നിവയല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ
5. ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്ക്, ഇൻവെന്ററി വാങ്ങൽ തുടങ്ങിയവ.

അനുബന്ധം -3

## ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി

1. എം.എൽ.എ.മാർ സമർപ്പിക്കുന്ന ശുപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതിരേഖകൾ (DPR) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്.
2. പ്രവൃത്തികൾക്കായുള്ള പദ്ധതി രേഖകൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷൻ അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിനായി ആയവ എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ശുപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും തയ്യാറാക്കേണ്ടതാണ്.
3. മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശുപാർശകൾക്ക് ഒരാഴ്ചക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് നൽകേണ്ടതുമാണ്.
4. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
5. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്.

6. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടി ക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ 2 വർഷത്തിനകം ആരംഭിച്ചിട്ടില്ലെങ്കിൽ ആയവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. പ്രത്യേകാനുമതിയിലൂടെയായിരിക്കും ഇത്തരത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകുക.

7. സമയബന്ധിതമായി പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കാത്ത എം.എൽ.എ മാർക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്ത് അയയ്ക്കേണ്ടതാണ്.

## പ്രതിമാസ/ ത്രൈമാസ പുരോഗതി റിപ്പോർട്ടിന്റെ മാതൃക

**നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ പ്രതിമാസ/ത്രൈമാസ പുരോഗതി റിപ്പോർട്ട്**

**.......................... (മാസത്തിന്റെ പേര്, വർഷം)**

**(രൂപ ലക്ഷത്തിൽ)**

| ക്രമ നം. | നിയോജക മണ്ഡലത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | എം.എൽ.എ ശുപാർശ ചെയ്ത തുക | ഭരണാനുമതി നമ്പരും തീയതിയും | ഭരണാനുമതി തുക | പ്രോഗ്രസ്സീവ് ടോട്ടൽ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

അനുബന്ധം 5

## ചെക്ക് ലിസ്റ്റിന്റെ മാതൃകാരൂപം

1. എം.എൽ.എ.യുടെ പേര് :
2. പ്രവൃത്തിയുടെ പേര് :
3. എസ്റ്റിമേറ്റ് തുക :
4. നിർവ്വഹണ ഏജൻസിയുടെ പേര് :
5. എസ്റ്റിമേറ്റ് തയ്യാറാക്കിയത് (ഏജൻസിയുടെ പേര്/ വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) :
6. എം.എൽ.എ. നിർദ്ദേശിച്ച തുക :
7. എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏറ്റവും പുതിയ SoR പ്രകാരമാണോ? വ്യക്തമാക്കുക :
8. തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിരിക്കുന്നത് അധികാരപ്പെട്ട ഉദ്യോഗസ്ഥനാണോ :
9. തടസ്സമില്ലാത്ത ഭൂമി ലഭ്യമാണോ
10. തയ്യാറാക്കിയ എസ്റ്റിമേറ്റ് സംസ്ഥാന ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണോ :
11. വനം വകുപ്പ്/ ഇന്ത്യാ ഗവൺമെന്റ്/ റെയിൽവെ/ മറ്റേതെങ്കിലും വകുപ്പുകൾ/അധികാരികൾ എന്നിവരിൽ നിന്നും ക്ലിയറൻസ് ആവശ്യമായിട്ടുണ്ടോ. ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുക. :
12. നിർദേശം പുതിയതോ അതോ നിലവിലുള്ളത് ശക്തിപ്പെടുത്തുന്നതിനോ ആണോ :
13. പ്രവൃത്തിയുടെ സ്വഭാവം (അറ്റകുറ്റപ്പണി / നിർമ്മാണം/ പുനരുദ്ധാരണം / സ്ഥാപിക്കൽ / വാങ്ങൽ / സഹായധനം / മറ്റേതെങ്കിലും ഇനം) :
14. പ്രവൃത്തി മൂലധനസ്വഭാവമുള്ളതാണോ. :
15. ആവർത്തന ചെലവ് ഉൾപ്പെട്ടതാണോ
16. ശുപാർശ ഏതെങ്കിലും പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഭാഗമായിട്ടുള്ളതാണോ :
17. നിക്ഷേപ പ്രവൃത്തിയാണോ :
18. ഏതെങ്കിലും തസ്തിക സൃഷ്ടിക്കൽ ഉൾപ്പെട്ടിട്ടുണ്ടോ :
19. നിർമ്മാണ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ഭൂമി ഏതെങ്കിലും സൊസൈറ്റി/ ട്രസ്റ്റ്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കേരള സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ഇന്ത്യാ ഗവൺമെന്റ് അധീനതയിലുള്ളതാണോ :

**20.** എസ്റ്റിമേറ്റിൽ താഴെപ്പറയുന്നവയിലേതെങ്കിലും ഉൾപ്പട്ടിട്ടുണ്ടോ. :

a. അഡ്മിനിസ്റ്റേറ്റീവ് ചാർജ്ജസ്

b. സെന്റേജ് ചാർജ്ജസ്

c. ഓവർഹെഡ് ചാർജ്ജസ്

d. സൂപ്പർവിഷൻ ചാർജ്ജസ്

**21.** പദ്ധതി നിർദ്ദേശത്തിൽ ഏതെങ്കിലും വാണിജ്യപരമായ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ. :

**22.** ഏതെങ്കിലും ഫണ്ടിനോട് ചേർത്ത് ഉപയോഗിക്കുന്നതാണോ. ആണെങ്കിൽ വിശദ വിവരങ്ങൾ. :

## കേരള സർക്കാർ

### സംഗ്രഹം

**ധനകാര്യ വകുപ്പ് - എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - പദ്ധതി ലക്ഷ്യങ്ങൾ, നടത്തിപ്പ്, മേൽ നോട്ടം എന്നിവ സംബന്ധിച്ച് പരിഷ്കരിച്ച മാർഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സ.ഉ. (അച്ചടി) നം.161/2017/ധന.** **തിരുവനന്തപുരം, തീയതി: 29.12.2017**

---

പരാമർശം:
1. സ.ഉ.(അ) നം. 247/2004/ധന തീയതി 27.05.2004
2. സ.ഉ.(അ) നം. 282/2004/ധന തീയതി 17.06.2004
3. സ.ഉ.(അ) നം. 543/2004/ധന തീയതി 22.11.2004
4. സർക്കുലർ നം. 9/എൻ.സി3/2005/ധന തീയതി 10.02.2005
5. സ.ഉ.(അ) നം. 18/2005/ധന തീയതി 11.01.2005
6. സർക്കുലർ നം. 47/എൻ.സി3/2005/ധന തീയതി 19.08.2005
7. സർക്കുലർ നം. 61/എൻ.സി3/2005/ധന തീയതി 02.11.2005
8. സർക്കുലർ നം. 63/എൻ.സി3/2005/ധന തീയതി 07.11.2005
9. സ.ഉ.(അ) നം.236/2005/ധന തീയതി 21.05.2005
10. സ.ഉ.(അ) നം. 453/2005/ധന തീയതി 17.10.2005
11. സ.ഉ.(അ) നം. 74/2006/ധന തീയതി 15.02.2006
12. സർക്കുലർ നം. 56/എൻ.സി3/2006/ധന തീയതി 29.11.2006
13. സ.ഉ.(അ) നം. 492/2006/ധന തീയതി 08.12.2006
14. സ.ഉ.(അ) നം. 35/2007/ധന തീയതി 30.01.2007
15. സ.ഉ.(അ) നം. 36/2007/ധന തീയതി 30.01.2007
16. സ.ഉ.(അ) നം. 112/2007/ധന തീയതി 15.03.2007
17. സ.ഉ.(അ) നം. 124/2007/ധന തീയതി 21.03.2007
18. സ.ഉ.(കൈ) നം. 206/2007/ധന തീയതി 21.05.2007
19. സ.ഉ.(അ) നം. 595/2007/ധന തീയതി 18.12.2007
20. സർക്കുലർ നം.66/എൻ.സി3/2008/ധന തീയതി 01.11.2008
21. സർക്കുലർ നം.67/എൻ.സി3/2008/ധന തീയതി 01.11.2008
22. സർക്കുലർ നം.82/എൻ.സി3/2008/ധന തീയതി 01.12.2008
23. സർക്കുലർ നം.92/എൻ.സി3/2008/ധന തീയതി 29.12.2008
24. സർക്കുലർ നം.56/എൻ.സി3/2009/ധന തീയതി 20.07.2009
25. സർക്കുലർ നം.74/എൻ.സി3/2009/ധന തീയതി 29.08.2009
26. സ.ഉ.(അ) നം. 477/2009/ധന തീയതി 02.11.2009
27. സ.ഉ.(അ) നം. 518/2009/ധന തീയതി 20.11.2009
28. സർക്കുലർ നം.95/എൻ.സി3/2009/ധന തീയതി 20.11.2009
29. സ.ഉ.(കൈ) നം. 562/2009/ധന തീയതി 16.12.2009

30. സർക്കുലർ നം.59/എൻ.സി3/2010/ധന തീയതി 22.06.2010
31. സ.ഉ.(അ) നം. 583/2010/ധന തീയതി 15.11.2010
32. സർക്കുലർ നം.87/എൻ.സി3/2011/ധന തീയതി 27.12.2011
33. സ.ഉ.(അ) നം. 134/2012/ധന തീയതി 24.02.2012
34. സ.ഉ.(അ) നം. 185/2012/ധന തീയതി 27.03.2012
35. സർക്കുലർ നം.40/എൻ.സി3/2012/ധന തീയതി 21.06.2012
36. സർക്കുലർ നം.29/എൻ.സി3/2013/ധന തീയതി 11.03.2013
37. സ.ഉ.(അ) നം. 271/2013/ധന തീയതി 04.06.2013
38. സർക്കുലർ നം.50/എൻ.സി3/2013/ധന തീയതി 04.06.2013
39. സ.ഉ.(അ) നം. 300/2013/ധന തീയതി 25.06.2013
40. സർക്കുലർ നം. 73/എൻ.സി3/2013/ധന തീയതി 04.10.2013
41. സർക്കുലർ നം.88/എൻ.സി3/2013/ധന തീയതി 04.11.2013
42. സ.ഉ.(അ) നം. 577/2013/ധന തീയതി 26.11.2013
43. സ.ഉ.(അ) നം. 587/2013/ധന തീയതി 03.12.2013
44. സ.ഉ.(അ) നം. 238/2014/ധന തീയതി 24.06.2014
45. സർക്കുലർ നം. 85/എൻ.സി3/2014/ധന തീയതി 24.09.2014
46. സ.ഉ.(അ) നം. 454/2014/ധന തീയതി 18.10.2014
47. സ.ഉ.(അ) നം. 148/2015/ധന തീയതി 24.04.2015
48. സ.ഉ.(അ) നം. 319/2015/ധന തീയതി 25.07.2015
49. സ.ഉ.(അ) നം. 431/2015/ധന തീയതി 29.09.2015
50. സ.ഉ.(അ) നം. 579/2015/ധന തീയതി 19.12.2015
51. സ.ഉ.(അ) നം. 147/2016/ധന തീയതി 03.10.2016
52. സർക്കുലർ നം. 84/2017/ധന തീയതി 27.11.2017

## ഉത്തരവ്

എം.പി-മാരുടെ തദ്ദേശീയ വികസന ഫണ്ടിന്റെ മാതൃകയിൽ എം.എൽ.എ-മാർക്ക് തങ്ങളുടെ നിയോജക മണ്ഡലങ്ങളിൽ തദ്ദേശീയമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി എം. എൽ. എ-മാരുടെ പ്രത്യേക വികസന നിധി എന്ന പേരിൽ 2001-ൽ ഒരു പദ്ധതി ആരംഭിക്കുകയും ആയതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. എം. പി. എൽ. എ. ഡി സ്കീമിന്റെ മാതൃകയിലുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന 1-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചു.

2004-ൽ പുറപ്പെടുവിച്ച സൂചന 1-ലെ ഉത്തരവിനു ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം കൂട്ടിചേർക്കലുകളും പരിഷ്കരണങ്ങളും നടത്തിയിരുന്നു. കൂടാതെ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തതയും സ്പഷ്ടീകരണവും ആവശ്യമായതിനാലും പ്രസ്തുത മാർഗരേഖ പുറപ്പെടുവിച്ചതിനുശേഷം 13 വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതിനാലും പദ്ധതി സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ എം. എൽ. എ-മാരുടെ പ്രത്യേക വികസന

നിധിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, പദ്ധതി നടത്തിപ്പ്, നിർവ്വഹണം, വിലയിരുത്തൽ എന്നിവ സംബന്ധിച്ച പുതുക്കിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ഇതിനാൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

## എം.എൽ. എ-മാരുടെ പ്രത്യേക വികസന നിധി സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ.

## പദ്ധതിയുടെ ലക്ഷ്യം, നടത്തിപ്പ്, തുക അനുവദിക്കൽ, പേയ്മെന്റ്, പദ്ധതി വിലയിരുത്തൽ.

### 1. പദ്ധതി:-

1.1 നിയോജക മണ്ഡലത്തിൽ ചെറുതും എന്നാൽ മൂലധന സ്വഭാവമുള്ളതുമായ വികസന പ്രവർത്തനങ്ങൾ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വോട്ടർമാർ എം.എൽ.എ-മാരെ സമീപിക്കാറുള്ളതിനാൽ തങ്ങളുടെ മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഒരു നിശ്ചിത തുക അനുവദിക്കണമെന്ന് എം. എൽ. എ-മാർ ആവശ്യപ്പെടുകയും എം. പി-മാരുടെ ലോക്കൽ ഏരിയ ഡെവലപ്മെന്റ് ഫണ്ടിന്റെ മാതൃകയിൽ എം. എൽ. എ-മാരുടെ പ്രാദേശിക വികസന ഫണ്ട് 2001-ൽ സംസ്ഥാനത്ത് ആരംഭിക്കുകയും ചെയ്തു. 25.00 ലക്ഷം രൂപയാണ് ആരംഭത്തിൽ ഓരോ നിയോജക മണ്ഡലത്തിനും അനുവദിച്ചിരുന്നത്. പിന്നീട് ഓരോ മണ്ഡലത്തിനും 50 ലക്ഷം രൂപയായും 2011-12 മുതൽ 1 കോടി രൂപയായും വർദ്ധിപ്പിച്ചു. എം. എൽ. എ-മാരുടെ പ്രത്യേക വികസന നിധിയായി പ്രതിവർഷം ആകെ 141.00 കോടി രൂപയാണ് അനുവദിക്കുന്നത്.

1.2 പ്രത്യേക വികസന നിധിയുടെ നടത്തിപ്പ് ചുമതല അതത് ജില്ലാ കളക്ടർമാർക്കാണ്. പ്രതിവർഷം 1 കോടി രൂപയുള്ള പ്രവൃത്തികൾ തങ്ങളുടെ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി എം. എൽ.എ-മാർ ബന്ധപ്പെട്ട കളക്ടർമാർക്ക് ശുപാർശ നൽകാവുന്നതാണ്. നോമിനേറ്റഡ് എം. എൽ. എ-യ്ക്ക് ഒന്നോ രണ്ടോ ജില്ലകളിലേയ്ക്കോ, സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തെ വികസന പ്രവർത്തനങ്ങൾക്കായോ പദ്ധതികൾ ശുപാർശചെയ്യാവുന്നതാണ്.

1.3 എം. എൽ. എ-മാർ തങ്ങളുടെ മണ്ഡലത്തിനുള്ളിലെ പ്രവൃത്തികൾക്കാണ് പ്രത്യേക വികസന നിധിയിൽ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിക്കേണ്ടത്.എന്നാൽ പ്രകൃതിദുരന്തം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ തങ്ങളുടെ നിയോജക മണ്ഡലത്തിന് പുറത്ത് പരമാവധി 10 ലക്ഷം രൂപ വരെയുള്ള, മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്.

### 2. പദ്ധതിയുടെ പ്രത്യേകതകൾ:-

2.1 പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പിൻതുടർന്നുകൊണ്ട് ഓരോ എം. എൽ. എ-യും

തങ്ങളുടെ മണ്ഡലത്തിൽ നടപ്പിലാക്കേണ്ടുന്ന 1 കോടി രൂപ വരെയുള്ള പ്രവൃത്തികൾ ജില്ലാകളക്ടറോട് ശുപാർശ ചെയ്യാവുന്നതാണ്. നഗര പ്രദേശങ്ങളിലെ പ്രവൃത്തികൾ എം.എൽ.എ.യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ/ ബന്ധപ്പെട്ട ജില്ലാ മേധാവികൾ മുഖേന നടപ്പിലാക്കാവുന്നതാണ്. എം. എൽ. എ-മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നത് സർക്കാർ/ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അല്ലെങ്കിൽ പ്രവൃത്തികൾ വിജയകരമായും തൃപ്തികരമായും ചെയ്തു തീർക്കാൻ കഴിയുമെന്ന് ജില്ലാകളക്ടർക്ക് ഉത്തമബോധ്യമുള്ളതും വിശ്വാസ്യതയും പ്രവർത്തന പരിചയവും ഉള്ള പ്രമുഖ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവ മുഖേനയായിരിക്കണം. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സ്വകാര്യ കോൺട്രാക്ടർമാർ ഏറ്റെടുത്ത് നടത്തുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ള പ്രവൃത്തികൾ സ്വകാര്യ കോൺട്രാക്ടർമാരെ ഏല്പിക്കുവാൻ പാടുള്ളതല്ല. എം. എൽ. എ ശുപാർശ ചെയ്യുന്ന പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കേണ്ടതെന്ന് ജില്ലാ കളക്ടർ തീരുമാനിക്കേണ്ടതാണ്.

2.2 ദീർഘകാലം നിലനിൽക്കുന്ന വികസന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുക എന്നതിന് മുൻതൂക്കം നൽകിക്കൊണ്ടും പ്രാദേശിക പരിഗണന നല്കിയുമാണ് പ്രവൃത്തികൾ തെരെഞ്ഞെടുക്കേണ്ടത്. ഈ പദ്ധതി പ്രകാരം അനുവദിച്ചിരിക്കുന്ന തുക ആവർത്തന ചെലവ് വരുന്ന പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ പാടില്ല. സേവന സംബന്ധമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഫണ്ട് വിനിയോഗിക്കാവുന്നതും എന്നാൽ ആവർത്തന സ്വഭാവം ഉള്ള വേതനം/ശമ്പളം എന്നിവ പോലുള്ള ചെലവുകൾക്ക് വിനിയോഗിക്കാൻ പാടില്ലാത്തതുമാണ്.

2.3 ഒരു വലിയ പദ്ധതിയുടെ ചെലവിന്റെ ഒരു ഭാഗം പൂർത്തിയാക്കുന്നതിനുള്ള ചെലവ് നിർവ്വഹിക്കുന്നതിന് ഈ ഫണ്ടിൽ നിന്നും എം. എൽ. എ-മാർക്ക് ശുപാർശ ചെയ്യാവുന്നതാണ്. ഉദാഹരണം: ഒരു ചെറുകിട ജലസേചന പദ്ധതിയുടെ ഏതെങ്കിലും ഒരു പ്രത്യേക പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ഈ വകയിൽ ചെലവാക്കുന്ന തുക ഒരു പദ്ധതിയുടെ പ്രത്യേകമായി തിരിച്ചറിയാൻ കഴിയുന്ന ഒരു പ്രവൃത്തിയ്ക്ക് വേണ്ടിയായിരിക്കും.

2.4 പ്രവൃത്തികളുടെ പൂർത്തീകരണം ഒന്നിലധികം വർഷങ്ങളിലേയ്ക്ക് നീണ്ടുപോകുകയാണെങ്കിൽ പ്രവൃത്തിക്ക് ആവശ്യമായ തുക നിർവ്വഹണ ഏജൻസിക്ക് മുൻകൂറായി നൽകാവുന്നതാണ്. അല്ലെങ്കിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകാവുന്നതാണ്.

2.5 പ്രവൃത്തി നടപ്പിലാക്കുന്നതിനായി എം. എൽ. എ ശുപാർശ ചെയ്ത സ്ഥലം എം. എൽ. എ-യുടെ അനുമതി ഇല്ലാതെ മാറ്റുവാൻ പാടില്ല.

2.6 പൊതുജനങ്ങളുടെ ഉപയോഗത്തിന് ലഭ്യമാകുന്ന തരത്തിലുള്ള മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത ഫണ്ട് ഉപയോഗിക്കേണ്ടതാണ്. അത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ

സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കുന്നതും അവയുടെ വില്പന/കൈമാറ്റം/ തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതി ഇല്ലാതെ നടത്താൻ പാടില്ലാത്തതുമാണ്. കൂടാതെ ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ സംരക്ഷണത്തിന്റെയും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതിന്റെയും ചുമതല ആസ്തി അനുവദിക്കുന്ന ഗുണഭോക്തൃ വകുപ്പിനോ/സ്ഥാപനത്തിനോ ആയിരിക്കും. ഗുണഭോക്തൃ സ്ഥാപനങ്ങൾ സർക്കാരിതര സ്ഥാപനങ്ങൾ ആണെങ്കിൽ പ്രത്യേക വികസന നിധി അനുവദിക്കുന്നതിന് മുൻപ് പ്രസ്തുത സ്ഥാപനങ്ങൾ, അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ നിശ്ചിത സമയക്രമത്തിൽ ചെയ്തുകൊള്ളാമെന്നും സർക്കാരിന്റെ അനുമതി ഇല്ലാതെ മേൽ ആസ്തികളുടെ വില്പനയോ കൈമാറ്റമോ ചെയ്യുകയില്ലായെന്നും സർക്കാരുമായി ഒരു ഉടമ്പടി ഉണ്ടാക്കേണ്ടതാണ്.

2.7 പ്രത്യേക വികസന നിധി പ്രകാരം അനുവദനീയമായ പ്രവൃത്തികളുടെ വിവരണം **അനുബന്ധം 1** ലും അനുവദനീയമല്ലാത്ത പ്രവൃത്തികളുടെ വിവരണം **അനുബന്ധം 2** ലും ചേർത്തിട്ടുണ്ട്.

2.8 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കി ഇ-ടെണ്ടർ /സാധാരണ ടെണ്ടർ ചെയ്യുമ്പോൾ നിയമപരമായി ഒടുക്കേണ്ട, നികുതി ഉൾപ്പെടെയുള്ള, എല്ലാ അടവുകളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.9 ഗുണഭോക്തൃ സമിതികളുടെ കൺവീനർമാർ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ അവർക്ക് നികുതി വിധേയ വരുമാനമോ പാൻ കാർഡോ ഇല്ലെങ്കിൽ ആദായ നികുതി നിയമത്തിന്റെ സെക്ഷൻ 197 പ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ **ഡി.ഡി.ഒ** ഉറവിടത്തിൽ നിന്നുള്ള നികുതി കുറയ്ക്കേണ്ട ആവശ്യമില്ല.

## 3. <u>പ്രവൃത്തികൾക്ക് അനുമതി നൽകലും നടപ്പിലാക്കലും.</u>

3.1 പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും മുമ്പ് ജില്ലാ കളക്ടർമാർ എം.എൽ.എ.യുടെ സമ്മതം വാങ്ങേണ്ടതാണ്. സ്ഥലം ലഭ്യമാകുന്നില്ല/ സ്ഥലം അനുയോജ്യമല്ല എന്നിവ പോലുള്ള സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ വരികയാണെങ്കിൽ ഇക്കാര്യം എം.എൽ.എ-മാരെ കാര്യകാരണ സഹിതം അറിയിക്കേണ്ടതാണ്.

3.2 ഒരു മണ്ഡലത്തിനായി വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ പൂർണ്ണമായും റിലീസ് ചെയ്തു നൽകിയിട്ടില്ലെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ 1 കോടി രൂപയ്ക്കും ഭരണാനുമതി പുറപ്പെടുവിച്ച് നൽകാവുന്നതാണ്.

3.2.1 ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു മുൻപ് എം. എൽ. എ ശുപാർശ ചെയ്ത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സ്ഥല ലഭ്യത, ഏറ്റവും പുതിയ **SOR** പ്രകാരമുള്ള എസ്റ്റിമേറ്റ് എന്നിവ ഉണ്ടെന്നും അനുവദനീയമായ പ്രവൃത്തിയാണെന്നും ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

3.2.2 എം. എൽ. എ-മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി ഭരണാനുമതി പുറപ്പെടുവിക്കേണ്ട സമയപരിധി 30 ദിവസമാണ്.

3.2.3 എം. എൽ. എ-മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് താഴെ പറയും പ്രകാരമുള്ള സമയ പരിധിക്കുള്ളിലായിരിക്കണം.

| | | | |
|---|---|---|---|
| i. | 25 ലക്ഷം രൂപവരെ എസ്റ്റിമേറ്റുള്ള പ്രവൃത്തികൾ | - | ഭരണാനുമതി പുറപ്പെടുവിച്ച് 6 മാസത്തിനുള്ളിൽ |
| ii. | 25 ലക്ഷം രൂപയ്ക്ക് മുകളിൽ 50 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ | - | 9 മാസം |
| iii. | 50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ | - | 12 മാസം |

3.2.4 പ്രവൃത്തികളെ സംബന്ധിച്ചുള്ള പ്രതിമാസ പുരോഗതി റിപ്പോർട്ട് (പ്രവൃത്തികളുടെ പൂർത്തീകരണം ഉൾപ്പെടെ) എല്ലാ മാസവും 5-ാം തീയതിക്കുമുമ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ **അനുബന്ധം 3** പ്രകാരമുള്ള മാതൃകയിൽ സമർപ്പിക്കേണ്ടതാണ്. പ്രവൃത്തി പുരോഗതി സംബന്ധിച്ച റിപ്പോർട്ട് 4 മാസത്തിലൊരിക്കൽ ജില്ലാ കളക്ടർമാർ എം.എൽ.എ.മാർക്ക് നൽകേണ്ടതാണ്.

3.2.5 പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള കമ്മിറ്റികൾ കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതും പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്. പദ്ധതിയുടെ പുതുക്കിയ പ്ലാനുകളും എസ്റ്റിമേറ്റുകളും ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതാണ്.

3.2.6 ഉപഭോക്തൃ സമിതികൾ മുഖേനയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത് എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരാതിരിക്കാനായി അവയുടെ വിശ്വാസ്യത കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

3.2.7 എം. എൽ. എ-മാർ പ്രവൃത്തികൾ നിർദ്ദേശിക്കുമ്പോൾ ജില്ലാ കളക്ടർമാർ പ്രവൃത്തിയുടെ ഗുണഭോക്തൃ വകുപ്പ് / സ്ഥാപനവുമായി ബന്ധപ്പെടേണ്ടതും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പൊതുജനത്തിന് തുറന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പദ്ധതിയുടെ നടത്തിപ്പിന്റെ നോഡൽ ഓഫീസർ ജില്ലാ കളക്ടർമാർ ആയതിനാൽ ഗുണഭോക്തൃ വകുപ്പും നടത്തിപ്പ് വകുപ്പുമായി വ്യക്തമായ ആശയവിനിമയം നടത്തേണ്ടതാണ്.

**എം. എൽ. എ. എസ്. ഡി. എഫ് മുഖേന സൃഷ്ടിക്കപ്പെടുന്ന ആസ്തികളെ സംബന്ധിച്ച് ചുവടെയുള്ള പ്രകാരം പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.**

1. ജില്ലാ കളക്ടർ

പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിശദവിവരങ്ങൾ, സർക്കാരിൽ നിന്ന് ലഭിച്ച അലോട്ട്മെന്റ്, ഒരു മണ്ഡലം ഒന്നിലധികം ജില്ലകളിൽ വ്യാപിച്ച് കിടക്കുന്നുവെങ്കിൽ മറ്റ ജില്ലകളിലേക്ക് മാറ്റിയ തുകയുടെ കണക്ക്, പ്രാദേശിക വികസന നിധിയ്ക്കായുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച തുക, പിൻവലിച്ച തുക, പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക്

മാറി നൽകിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ.

2. നിർവ്വഹണ ഉദ്യോഗസ്ഥർ/ ഏജൻസികൾ

സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ കണക്ക്, ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച തുക

3.3 എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം ജില്ലാ തലത്തിൽ കൈക്കൊള്ളേണ്ടതാണ്. ആവശ്യമെങ്കിൽ പദ്ധതിയുടെ നടത്തിപ്പിനായുള്ള പൂർണ്ണാധികാരം ജില്ലാതലത്തിലുള്ള സാങ്കേതിക ഭരണ വിഭാഗങ്ങൾക്ക് നൽകാവുന്നതാണ്.

3.4 ഒരു നിയോജകമണ്ഡലം ഒന്നിലധികം ജില്ലകളിലായാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ, സർക്കാർ പ്രസ്തുത മണ്ഡലത്തിനായി അനുവദിച്ച് നൽകുന്ന തുക സ്വീകരിക്കുന്ന ജില്ലാ കളക്ടർ ആയത് എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തിയ്ക്കായി അടുത്ത ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് മാറി നൽകേണ്ടതാണ്.

3.5 എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത്, ഗ്രാമവികസനം, ജലസേചനം, കൃഷി, ആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ വിവിധ വികസന അതോറിറ്റികൾ, ഹൗസിംഗ് ബോർഡ് തുടങ്ങിയവ പോലുള്ള അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് നടത്തുന്നത് എന്നതിനാൽ പ്രവൃത്തിയുടെ ഏകോപനവും മേൽനോട്ടവും വഹിക്കേണ്ട ചുമതല അതത് ജില്ലാ കളക്ടർമാർക്കാണ്. പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ ജോലികൾക്കോ പ്രവൃത്തികളുടെ നടത്തിപ്പിലെ മേൽനോട്ടം വഹിക്കുന്നതിനോ യാതൊരു വിധ ഭരണചെലവ്, സെന്റേജ് ചാർജ്ജ് തുടങ്ങിയവ നിർവ്വഹണ ഏജൻസികൾക്ക് അനുവദിക്കുന്നതല്ല. അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാവിധ നിയമങ്ങളും ബാധകമായിരിക്കുന്നതാണ്.

3.6 സംസ്ഥാന തലത്തിൽ പദ്ധതിയുടെ സംസ്ഥാനതല ചുമതല ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനായിരിക്കും. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പൊതു നിർദ്ദേശങ്ങൾ, ഉത്തരവുകൾ എന്നിവ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് എം.എൽ.എ.മാർക്ക് അയച്ചു നൽകുന്നതാണ്. കൂടാതെ ഈ ഉത്തരവുകളുടെ പകർപ്പ് www.finance.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായിരിക്കുന്നതാണ്.

3.7 സാധാരണയായുള്ള എല്ലാവിധ സാമ്പത്തിക ആഡിറ്റ് പരിശോധനകളും പ്രസ്തുത സ്കീം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഈ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബാധകമാകുന്നതാണ്.

3.8 പ്രത്യേക വികസന നിധി പ്രകാരം ഓരോ വർഷത്തിലും തുക അനുവദിക്കുന്നത് നിയോജകമണ്ഡലത്തിനാണ്. ആയതിനാൽ ഏതെങ്കിലും കാരണവശാൽ ഒരു മണ്ഡലത്തിലെ എം.എൽ.എ.യ്ക്ക് മാറ്റം ഉണ്ടായാലും മണ്ഡലത്തിന് അനുവദിച്ച തുകയ്ക്ക് മാറ്റം വരുന്നതല്ല. നിലവിലുണ്ടായിരുന്ന എം.എൽ.എ. ശുപാർശ ചെയ്യതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ തുടരേണ്ടതും ആയത് ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്. മുൻ എം.എൽ.എ.യ്ക്കും നിലവിലെ എം.എൽ.എ.യ്ക്കും നിർവ്വഹണ ഏജൻസിയ്ക്കും ഇടയിലെ ഏകോപനാധികാരിയായി പ്രവൃത്തിക്കേണ്ടത് ജില്ലാ കളക്ടർ ആണ്.

3.9 ഏതെങ്കിലും കാരണവശാൽ മണ്ഡലത്തിലെ എം.എൽ.എ.യ്ക്ക് മാറ്റം ഉണ്ടാകുന്ന പക്ഷം പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന തത്വങ്ങൾ പിൻതുടരേണ്ടതാണ്.

i. മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി നിർവ്വഹണാവസ്ഥയിലാണെങ്കിൽ അത് പൂർത്തിയാക്കേണ്ടതാണ്.

ii. മുൻ എം.എൽ.എ. തെരഞ്ഞെടുത്ത ഒരു പ്രവൃത്തി ശുപാർശ ചെയ്ത തീയതി മുതൽ 45 ദിവസത്തിന് ശേഷവും ഭരണപരമായ കാരണങ്ങളാൽ അനുമതി ലഭിച്ചിട്ടില്ലായെങ്കിൽ, മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പ്രവൃത്തി അനുവദനീയമാണെങ്കിൽ നടപ്പിലാക്കേണ്ടതാണ്.

iii. പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന കാരണത്താൽ മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തിയ്ക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനു ശേഷം നടപ്പിലാക്കാൻ സാധിക്കാതെ വരികയാണെങ്കിൽ പെരുമാറ്റച്ചട്ടം അവസാനിച്ചശേഷം പുതിയ എം.എൽ.എ.യുടെ അനുമതിയോടു കൂടി മാത്രം പ്രസ്തുത പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.യ്ക്ക് മേൽ പ്രവൃത്തിയിൽ ഭേദഗതി വരുത്തുകയോ പ്രസ്തുത പ്രവൃത്തിയ്ക്ക് പകരമായി മറ്റു പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതോ ആണ്.

iv. മുൻ എം.എൽ.എ.യുടെ ശുപാർശ മുൻ ഉപഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്നവ അല്ലാതെ മറ്റു കാരണങ്ങളാൽ നടപ്പിലാക്കിയിട്ടില്ലായെങ്കിൽ പുതിയ എം.എൽ.എ.യുടെ അനുമതിയോടു കൂടി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

3.10 നിയോജകമണ്ഡലങ്ങളുടെ കൂട്ടിച്ചേർക്കലിലൂടെയോ വിഭജനത്തിലൂടെയോ ഭൗതിക ഘടനയിൽ മാറ്റം വരുന്ന പക്ഷം പഴയ നിയോജകമണ്ഡലത്തിലെ ചെലവാകാതെ ശേഷിക്കുന്ന തുക താഴെപ്പറയും പ്രകാരം വിനിയോഗിക്കേണ്ടതാണ്.

i. പുതുതായി രൂപംകൊണ്ട നിയോജകമണ്ഡലം, പഴയതിന്റെ 75 % ത്തോളം ഭൂപ്രകൃതിയും ഉൾക്കൊള്ളുന്നുവെങ്കിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തുകയും പുതിയ മണ്ഡലത്തിനായി വിനിയോഗിക്കാവുന്നതാണ്.

ii. പഴയ നിയോജകമണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75% ത്തിൽ താഴെ മാത്രമാണ് പുതിയ നിയോജകമണ്ഡലം ഉൾക്കൊള്ളുന്നതെങ്കിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക രണ്ടു മണ്ഡലങ്ങൾക്കും

ഭൂപ്രകൃതിയ്ക്ക് ആനുപാതികമായി പഴയ മണ്ഡലം നിലനിന്നിരുന്ന ജില്ലയിലെ കളക്ടർ വീതിച്ചു നൽകേണ്ടതാണ്.

3.11 സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിന് എം.എൽ.എ. ശുപാർശ ചെയ്യുമ്പോൾ ആയതിനായി ഐ.റ്റി @ സ്കൂൾ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

3.12 എം.എൽ.എ.മാർ ശുപാർശ ചെയ്തിരിക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ മാനദണ്ഡങ്ങൾക്കനുസൃതമല്ല എങ്കിൽ അവയ്ക്ക് പ്രത്യേകാനുമതി തേടി ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കാൻ പാടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തികളെ സംബന്ധിച്ച് സ്പഷ്ടീകരണം സർക്കാരിൽ നിന്നും തേടാവുന്നതാണ്.

3.13 ഗുണഭോക്തൃ സമിതികൾ മുഖേനയോ ടെണ്ടറിംഗിലൂടെയോ നടത്തുന്ന പ്രവൃത്തികൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

i. എം.എൽ.എ എസ്.ഡി.എഫ്-നു കീഴിൽ ശുപാർശ ചെയ്യുന്ന 50,000/- രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന ടെണ്ടറില്ലാതെ നടപ്പാക്കാവുന്നതാണ്. ആയതിനാൽ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ല. എന്നാൽ 7.5% ഓവർ ഹെഡ് ചാർജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. 50,000/- രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ വിളിച്ച നടപ്പിലാക്കുകയാണെങ്കിൽ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദിക്കാവുന്നതാണ്.

ii. 50,000/- രൂപയ്ക്കു മുകളിൽ 5 ലക്ഷമോ അതിന് താഴെയോ ഉള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേനയോ സാധാരണ ടെണ്ടറിംഗിലൂടെയോ നടത്താവുന്നതാണ്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന പ്രവർത്തികൾക്ക് മുകളിലെ ഇനം (i)-ലെ നിബന്ധനകൾ ബാധകമാകുന്നതാണ്. സാധാരണ ടെണ്ടറിംഗിലൂടെയാണ് പ്രവൃത്തികൾ നടത്തുന്നതെങ്കിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്,7.5% ഓവർ ഹെഡ് ചാർജ് എന്നിവ ഉൾപ്പെടുത്തി പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്.

iii. 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കി നിലവിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി നിയമങ്ങളും (കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ഓവർ ഹെഡ് ചാർജ്, സർവ്വീസ് ടാക്സ് എന്നിവ) പാലിച്ചുകൊണ്ട് ഇ-ടെണ്ടർ ബാധകമാക്കിക്കൊണ്ട് നടപ്പിലാക്കാവുന്നതാണ്.

## 4. **തുക അനുവദിക്കൽ**

4.1 പ്രതിവർഷം ഒരു കോടി രൂപയാണ് ഒരു മണ്ഡലത്തിനായി വകയിരുത്തിയിരിക്കുന്നത്. പരമാവധി ഒരു കോടി രൂപ ചെലവുള്ള പ്രവൃത്തിക്കോ ആകെ ഒരു കോടി രൂപ വരെ ചെലവ് വരുന്ന വിവിധ പ്രവൃത്തികളോ എം.എൽ.എ.യ്ക്ക് ശുപാർശ ചെയ്യാവുന്നതാണ്. പ്രവൃത്തികളുടെ എണ്ണം ഏറ്റവും കുറഞ്ഞ തുക എന്നിവ സംബന്ധിച്ച്

നിബന്ധകളൊന്നും തന്നെയില്ല.

4.2 സംസ്ഥാന ബഡ്ജറ്റ് പാസ്സായി കഴിഞ്ഞാൽ നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക 3 തവണകളായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ച നൽകുന്നതും ആയത് അതിനായുള്ള പലിശരഹിത പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ മാറ്റി നിക്ഷേപിക്കേണ്ടതുമാണ്. അത്തരത്തിൽ മാറ്റപ്പെടുന്ന തുക എം.എൽ.എ.മാർ ശുപാർശകൾ സമർപ്പിച്ചില്ലായെങ്കിൽ പോലും നഷ്ടമാകുന്നതല്ല. കൂടാതെ പ്രസ്തുത തുക തുടർന്നു വരുന്ന വർഷങ്ങളിൽ മണ്ഡലത്തിലെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതും ആയതിന്റെ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ.മാർക്ക് നൽകേണ്ടതും പ്രസ്തുത തുക വിനിയോഗിക്കാൻ ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ഏതെങ്കിലും കാരണവശാൽ എം.എൽ.എ.യ്ക്ക് മാറ്റം ഉണ്ടാകുന്ന പക്ഷം പ്രസ്തുത നീക്കിയിരുപ്പ് തുകയുടെ വിനിയോഗം സംബന്ധിച്ച് തർക്കം ഉണ്ടാവുകയാണെങ്കിൽ ആയത് ജില്ലാ കളക്ടർ സർക്കാരിനെ അറിയിക്കേണ്ടതും ഉചിത തീരുമാനം എടുക്കേണ്ടതുമാണ്. നിയോജകമണ്ഡലങ്ങളുടെ പുനർവിന്യാസം എം.എൽ.എ.മാരുടെ മാറ്റം എന്നിവ മുഖേന ഇത്തരത്തിൽ ടി.എസ്.ബി അക്കൗണ്ടിൽ തുക ചെലവാകാതെ അവശേഷിക്കുന്നുവെങ്കിൽ ജില്ലാ കളക്ടർ മണ്ഡലത്തിലെ പ്രതിനിധിയുമായി കൂടിയാലോചിച്ച് തുക വിനിയോഗിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു അഭിപ്രായ സമന്വയത്തിൽ എത്താൻ കഴിയുന്നില്ലെങ്കിൽ ടി.എസ്.ബി. അക്കൗണ്ടിലെ തുക സർക്കാരിലേക്ക് മടക്കി നൽകേണ്ടതും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പണം അനാവശ്യമായി ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4.3 മുൻ ഖണ്ഡിക 3.2.3 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുകകൾ സമയബന്ധിതമായി മാറി നൽകുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ സമിതികൾ മറ്റ് ഏജൻസികൾ എന്നിവർ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാതെ ഉപേക്ഷിക്കുന്ന പക്ഷം ആയതിന്മേൽ ഉചിത നടപടികൾ കളക്ടർമാർ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കേണ്ടതും ആണ്. കൂടാതെ പ്രവൃത്തികൾ പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതികളിൽ നിന്ന് പിഴ ഈടാക്കിയതിനു ശേഷം മാത്രം അവർ ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുകകൾ മാറി നൽകാവുന്നതാണ്. പിന്നീട് ഇത്തരം ഏജൻസികൾക്ക് പ്രവൃത്തികൾ അനുവദിക്കുന്നതിന് പരിഗണിക്കുവാനും പാടില്ല. എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ ബിൽ തുകകൾ അനുവദിക്കുന്നത് RTGS മുഖേനയായിരിക്കണം. ഇതു കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കണം.

4.4 ഒരു നിയോജകമണ്ഡലത്തിന് അനുവദിച്ച തുക വിനിയോഗിക്കുന്നതിന് എം.എൽ.എ.യ്ക്ക് താൽപ്പര്യമില്ലാത്ത പക്ഷം ആയത് സർക്കാരിനെ

അറിയിക്കേണ്ടതും അനുവദിച്ച തുക പിൻവലിക്കുന്നതുമാണ്.

4.5 ഓരോ പ്രവൃത്തിയും പൂർത്തീകരിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് കൃത്യമായി ബിൽ തുക അനുവദിക്കേണ്ടതാണ്. ആയതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ബിൽ തുക മാറി നൽകുന്നത് പരമാവധി 1 മാസത്തിനുള്ളിലായിരിക്കണം. ഇടപാടുകൾ ദേശസാൽകൃത ബാങ്ക് മുഖേനയെ നടത്തുവാൻ പാടുള്ളൂ.

4.6 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുൻകൂർ തുക അനുവദനീയമല്ല. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ഏജൻസികൾ പ്രവൃത്തികൾ താമസം കൂടാതെ നടപ്പിലാക്കുന്നതാണ് എന്ന് ഉറപ്പ വരുത്തിയ ശേഷം ജില്ലാ കളക്ടർമാർക്ക് തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും ബിൽ തുക മുൻകൂറായി അനുവദിക്കാവുന്നതാണ്.

4.7 അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തി ഏറ്റെടുക്കുകയാണെങ്കിൽ നിയമാനുസരണമുള്ള മുൻകൂർ തുക (20%) അനുവദിക്കാവുന്നതും ബാക്കി തുക പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയതിന് ശേഷം മാത്രം അനുവദിക്കേണ്ടതുമാണ്. താഴെപ്പറയുന്ന ഏജൻസികൾക്ക് മുഴുവൻ തുകയും മുൻകൂറായി അനുവദിക്കാവുന്നതാണ്.

KSEB – ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ

KWA – കുടിവെള്ള പദ്ധതികൾ

ഭൂജലവകുപ്പ് - കുഴൽ കിണർ നിർമ്മാണത്തിനായി പമ്പു സെറ്റുകൾ, മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്.

4.8 സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് താഴെപ്പറയുന്ന പ്രകാരം തുക മുൻകൂറായി അനുവദിച്ച് നൽകാവുന്നതാണ്.

| | | |
|---|---|---|
| ഒന്നാം ഘട്ടം | - | എസ്റ്റിമേറ്റ് തുകയുടെ 20% |
| രണ്ട്, മൂന്ന്, നാല് ഘട്ടങ്ങൾ | - | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന്റെ 20% |
| അഞ്ചാം ഘട്ടം | - | നാലാം ഘട്ടത്തിലെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന്റെ 10% |
| അവസാന ഘട്ടം | - | പ്രവൃത്തി പൂർത്തിയാക്കിയതായുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക. |

4.9 മുൻകൂർ തുക അനുവദിച്ചതിന് ശേഷം 3 മാസത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ മുൻകൂറായി നൽകിയ തുക ബാങ്ക് പലിശ നിരക്ക് സഹിതം ജില്ലാ കളക്ടർ തിരികെ വാങ്ങേണ്ടതും പ്രവൃത്തി അടിയന്തരമായി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കേണ്ടതുമാണ്.

## 5. നിരീക്ഷണ നടപടിക്രമങ്ങൾ

5.1 പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാന നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ്. പദ്ധതി പ്രകാരം നടപ്പിലാക്കിയ 10% പ്രവൃത്തികളെങ്കിലും വകുപ്പ തലവനോ/ വകുപ്പ്

തലവൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പരിശോധിക്കേണ്ടതാണ്. നിർവ്വഹണ വകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന പക്ഷം ജില്ലാ തലത്തിലെയും ബ്ലോക്ക് തലത്തിലെയും ഉദ്യോഗസ്ഥർ പ്രവൃത്തികളെ സംബന്ധിച്ച് നിരീക്ഷണം നടത്തേണ്ടതും റിപ്പോർട്ട് നൽകേണ്ടതുമാണ്. ഇത്തരം സന്ദർശനവേളകളിൽ എം.എൽ.എ.മാരുടെ പങ്കാളിത്തവും ഉൾപ്പെടുത്താവുന്നതാണ്. ഓരോ വർഷവും നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചും ആയതിന് തുക അനുവദിച്ച് നൽകിയതിന്റെയും ഒരു റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് തുടർന്നുള്ള സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ 2 മാസങ്ങൾക്കുള്ളിൽ നൽകേണ്ടതാണ്.

5.2 നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച ഒരു പൂർണ്ണ രൂപം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ ഉണ്ടായിരിക്കേണ്ടതാണ്.

5.3 പദ്ധതി നടത്തിപ്പിന്റെ നിരീക്ഷണവും ബന്ധപ്പെട്ട മറ്റു കാര്യങ്ങളും പദ്ധതിയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് കാലകാലങ്ങളിൽ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് തീരുമാനിക്കേണ്ടതാണ്.

5.4 പദ്ധതി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/ എം.എൽ.എ.മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണ്. ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതാണ്.

5.5 പദ്ധതി നടത്തിപ്പുമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും ആവശ്യമെങ്കിൽ സംസ്ഥാന തലത്തിൽ സർക്കാർ നൽകുന്നതാണ്.

5.6 ഓരോ ജില്ലയിലേയും ധനകാര്യ പരിശോധനാ വിഭാഗങ്ങൾ SDF പ്രകാരം മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ച് ആയതിന്റെ കൃത്യതയും വിശ്വാസ്യതയും ഉറപ്പ് വരുത്തി പ്രവൃത്തി നടപ്പിലാക്കിയതിൽ വീഴ്ചകളോ പാകപ്പിഴകളോ വന്നിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെയുള്ള ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

## 6. <u>പൊതുകാര്യങ്ങൾ</u>

6.1 പ്രത്യേക വികസന നിധി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാലുടൻ തന്നെ ആയത് പൊതുജനങ്ങളുടെ ഉപയോഗത്തിനായി ലഭ്യമാക്കേണ്ടതാണ്. പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ഒരു ലഘു വിവരണം, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, പ്രവൃത്തി ആരംഭിച്ച തീയതി, പ്രവൃത്തി പൂർത്തിയാക്കിയ തീയതി, എം.എൽ.എ.യുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കിയത് എന്നിവ ഉൾക്കൊള്ളുന്ന ഒരു sign board സ്ഥാപിക്കാവുന്നതാണ്.

**അനുബന്ധം -4** ൽ sign board ന്റെ മാതൃക ചേർത്തിട്ടുണ്ട്.

6.2 പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത ഏതെങ്കിലും സാഹചര്യമോ ബുദ്ധിമുട്ടുകളോ എം.എൽ.എ.മാർ നേരിടുന്ന പക്ഷം ആയതിന്റെ സ്പഷ്ടീകരണത്തിനായി ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്.

6.3 രജിസ്റ്റേർഡ് ട്രസ്റ്റുകൾ/ സൊസൈറ്റികൾ എന്നിവയ്ക്കും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായ പ്രവൃത്തികൾ അനുവദിക്കാവുന്നതാണ്. ആയതിന് പ്രസ്തുത സ്ഥാപനങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

i. പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന സ്ഥാപനം പൊതുജന സേവന രംഗത്ത് ഏറ്റവും കുറഞ്ഞത് 3 വർഷമായി പ്രവൃത്തിക്കുന്ന സ്ഥാപനമായിരിക്കണം.

ii. ഗുണഭോക്തൃ സ്ഥാപനം സേവനമേഖലയിൽ വളരെയധികം അറിയപ്പെടുന്നതും പൊതുജനങ്ങൾക്ക് വിശ്വാസ്യത യുള്ളതുമായിരിക്കണം. പദ്ധതി ആനുകൂല്യം അനുവദിക്കുന്നതിന് മുമ്പ് പ്രസ്തുത സ്ഥാപനം സാമ്പത്തിക ഭദ്രതയുള്ളതും പൊതുജന സേവന മേഖലയിലും/ സാമൂഹ്യ സുരക്ഷാ മേഖലയിലും പരിചയസമ്പന്നതയും വിശ്വാസ്യതയും ഉള്ളതാണെന്നും സുതാര്യമായ പ്രവർത്തനം നടത്തുന്നതാണെന്നും ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതാണെന്നും ജില്ലാ കളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

iii. പ്രത്യേക വികസന നിധിയിൽ നിന്നും അനുവദിക്കുന്ന തുക പൊതുജനങ്ങൾക്ക് എപ്പോഴും ലഭ്യമാകുന്ന തരത്തിലുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടി ആയിരിക്കണം.

iv. ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഇവയുടെ വിൽപ്പന, കൈമാറ്റം ചെയ്യൽ, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതി ഇല്ലാതെ നടത്തുവാൻ പാടില്ല.

v. ഗുണഭോക്തൃ സ്ഥാപനത്തിന് അനുവദിക്കപ്പെട്ട ആസ്തിയുടെ സംരക്ഷണ ചുമതലയും അറ്റകുറ്റപ്പണികളും ആയതിന്റെ ആവർത്തന ചെലവുകളും ഗുണഭോക്തൃ സ്ഥാപനം വഹിക്കേണ്ടതാണ്. കൂടാതെ എല്ലാവിധ പരിശോധനകൾക്കും വിധേയവുമാണ്.

vi. വാർഷിക റിപ്പോർട്ട്, ആഡിറ്റ് അക്കൗണ്ട്സ് എന്നിവ ഗുണഭോക്തൃ സ്ഥാപനം സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

vii. സർക്കാരിതര ഗുണഭോക്തൃ സ്ഥാപനത്തിന് പ്രത്യേക വികസന നിധി അനുവദിക്കുന്നതിന് മുമ്പായി പ്രസ്തുത സ്ഥാപനം മേൽപ്പറഞ്ഞ നിബന്ധനകളെല്ലാം പാലിക്കുന്നതാണെന്ന് സർക്കാരുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

## 6.4 മറ്റു ഫണ്ടുകളുമായി കൂട്ടിച്ചേർത്ത് വിനിയോഗിക്കൽ

6.4.1 കേന്ദ്രപദ്ധതികൾ, SGRY (SCP) പദ്ധതികളുടെ സംസ്ഥാന വിഹിതം വഹിക്കുന്നതിനായി പ്രത്യേക വികസന നിധി, എം.എൽ.എ യുടെ ശുപാർശയോടു കൂടി വിനിയോഗിക്കാവുന്നതാണ്. എന്നാൽ കേന്ദ്ര പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ പ്രത്യേക വികസന നിധിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായ പ്രവൃത്തികളും ആവർത്തന സ്വഭാവമില്ലാത്തവയും ആയിരിക്കണം.

6.4.2 പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട് സർക്കാർ ജില്ലാ കളക്ടർ എന്നിവർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളുടെയും പകർപ്പുകൾ എം.എൽ.എ.മാർക്ക് നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിൻഹാജ് ആലം ഐ.എ.എസ്**
സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)

പകർപ്പ് :

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും
5. എല്ലാ ഭരണവകുപ്പുകൾക്കും
6. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
9. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
10. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
12. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
13. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
14. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
15. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [No.NC-B1/90/2016/Fin]

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

## അനുവദനീയമായ പ്രവൃത്തികൾ

1. സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്കൂൾ കെട്ടിടങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, ലൈബ്രറി കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള മറ്റു തരത്തിലുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം.
2. പൊതുജനങ്ങൾക്കായുള്ള കുഴൽ കിണറുകൾ, വാട്ടർ ടാങ്കുകൾ എന്നിവയുടെ നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള മറ്റു പ്രവൃത്തികൾ, കുടിവെള്ള വിതരണത്തിനായി ജലസംഭരണികളുടെ വാങ്ങൽ, കുഴൽ കിണറുകളിൽ സ്ഥാപിക്കുന്നതിനുള്ള പമ്പ് സെറ്റ് വാങ്ങൽ എന്നിവ. വാങ്ങുന്ന പമ്പ് സെറ്റുകളുടെ ആവർത്തന ചെലവ്, വൈദ്യുതി ചെലവ് എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് യാതൊരുവിധ നിബന്ധനകളും ഇല്ല.
3. ഗ്രാമങ്ങളിലേയും പട്ടണങ്ങളിലേയും നഗരപ്രദേശങ്ങളിലേയും അപ്രോച്ച് റോഡ്, ലിങ്ക് റോഡ് മറ്റു റോഡുകളുടെ നിർമ്മാണം. കൂടാതെ പ്രാദേശികമായ ആവശ്യങ്ങൾക്കനുസൃതമായി എം.എൽ.എ.യ്ക്ക് ഉചിതമാണെന്ന് തോന്നുന്ന പക്ഷം ഗ്രാമീണ റോഡുകളുടെയും നിർമ്മാണം.
4. കലുങ്കുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം.
5. വയോജനങ്ങൾക്കും അംഗവൈകല്യം സംഭവിച്ചവർക്കുമുള്ള അഭയകേന്ദ്രങ്ങൾ.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജില്ലാ/ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക്, കലാ സാംസ്കാരിക സംഘടനകൾ/ ആശുപത്രികൾ എന്നിവയ്ക്ക് കെട്ടിടം പണിയുക, ജിംനാസ്റ്റിക് സെന്ററുകളിൽ സ്പോർട്സ് അസോസിയേഷനുകൾക്ക്, കായിക വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മൾട്ടിജിം സൗകര്യം ഒരുക്കുക.
7. സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളിൽ പ്രത്യേക വനവൽക്കരണം, ഫാം ഫോറസ്ട്രി, പാർക്കുകൾ, പൂന്തോട്ടങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന്.
8. നഗരങ്ങൾ/ പട്ടണങ്ങൾ/ ഗ്രാമങ്ങൾ എന്നിവിടങ്ങളിലെ കുളങ്ങളുടെ നവീകരണം.
9. പൊതുവായിട്ടുള്ള ജലസേചന സൗകര്യം, ഡ്രെയിനേജ് സൗകര്യം എന്നിവ.
10. ബയോഗ്യാസ് പ്ലാന്റുകൾ, മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ എന്നിവ.
11. ജലസംഭരണം, ലിഫ്റ്റ് ഇറിഗേഷൻ, വാട്ടർ റീചാർജ്ജിംഗ് എന്നിവ.
12. പൊതു വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം.
13. ശിശു സംരക്ഷണ മന്ദിരങ്ങളുടെയും അംഗൻവാടികളുടെയും നിർമ്മാണം.
14. കുടുംബക്ഷേമാരോഗ്യ കേന്ദ്രങ്ങൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, ANM റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം.

15. ശ്മശാനങ്ങൾക്കായി ഭൂമി വാങ്ങൽ, പൊതു ശ്മശാനങ്ങളുടെയും നിർമ്മാണം, അവയിലേയ്ക്കുള്ള സ്ട്രെക്ച്ചറുകൾ മുതലായവയുടെ വാങ്ങൽ.

16. പൊതു ശൗചാലയങ്ങളും കുളിമുറികളും.

17. ഓടകളുടെ നിർമ്മാണം.

18. നടപ്പാതകൾ, നടവഴികൾ, നടപ്പാലങ്ങൾ എന്നിവ

19. ചേരിപ്രദേശത്തെ ജനങ്ങൾക്കുവേണ്ടി വൈദ്യുതി, വെള്ളച്ചാലുകൾ, പൊതുശൗചാലയങ്ങൾ, ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും SC/ST വിഭാഗങ്ങൾ താമസിക്കുന്ന മേഖലകളിലുള്ളവരുടെ പൊതുസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കലാകാരൻമാർക്കുള്ള വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുക.

20. ആദിവാസി മേഖലയിൽ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുക.

21. പൊതുജനങ്ങൾക്കായി ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ.

22. മൃഗ പരിപാലനകേന്ദ്രങ്ങൾ, കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം, ആശുപത്രിയിലേക്കാവശ്യമായ ആംബുലൻസ്, മെഡിക്കൽ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ഡ്രെയിനേജ് എന്നിവ ഒരുക്കുക, ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം, ക്ഷീരവികസന സഹകരണ സംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്/ മിൽക്ക് ടെസ്റ്റിംഗ് മെഷീൻസ് എന്നിവ വാങ്ങൽ.

23. X-ray മെഷീൻ, ഡയാലിസിസ് യൂണിറ്റ് എന്നിവ പോലുള്ള ആശുപത്രി ഉപകരണങ്ങൾ, ആംബുലൻസുകൾ, വീൽ ചെയറുകൾ, സ്ട്രെക്ച്ചറുകൾ എന്നിവ വാങ്ങൽ. സഞ്ചരിക്കുന്ന ഡിസ്പെൻസറികൾ ഒരുക്കുന്നതിനായി വാഹനം വാങ്ങുക. റെഡ്ക്രോസ്, രാമകൃഷ്ണ മിഷൻ മറ്റു പ്രമുഖ ചാരിറ്റബിൾ സ്ഥാപനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയ്ക്ക് ആംബുലൻസുകൾ വാങ്ങുക.

24. ഗവ. സ്കൂളുകൾ/ കോളേജുകൾ എന്നിവിടങ്ങളിലേയ്ക്കായി കമ്പ്യൂട്ടറുകൾ വാങ്ങുക. ഇൻഫർമേഷൻ ഹൈവേ, ഹാം ക്ലബ്ബ്, സിറ്റിസൺ ബാൻഡ് റേഡിയോ തുടങ്ങിയവ.

25. ആളില്ലാ റെയിൽവേ ക്രോസ്സിംഗുകളിൽ ലെവൽ ക്രോസ്സിംഗുകൾ നിർമ്മിക്കുക.

26. സർക്കാർ സ്ഥാപനങ്ങൾക്കായി ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ വാങ്ങുക.

27. Night Soil Disposal System വാങ്ങുക.

28. വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നിവ ബാധിച്ച മേഖലകളിൽ ഫൈബർ ബോട്ട് വാങ്ങൽ.

29. സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവ.

30. സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടോയ് ലെറ്റുകൾ, ടോയ് ലെറ്റുകളോട് ചേർന്ന് സാനിട്ടറി നാപ്കിൻ വെൻഡിംഗ്/ ഡിസ്പോസർ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം.

31. സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/ വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽ കിണർ നിർമ്മിക്കൽ.

32. ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നവീകരണം.

33. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ, ഷെൽഫുകൾ വാങ്ങൽ, നിർമ്മിക്കൽ.

34. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/ വാഹനം വാങ്ങി നൽകൽ. വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ) പരിപാലനം എന്നിവ സ്കൂൾ പി.ടി.എ വഹിക്കേണ്ടതാണ്.

35. പ്രത്യേക വികസന നിധിയുടെ വാർഷിക വിഹിതത്തിന്റെ 15% റോഡുകളുടെ പുനരുദ്ധാരണത്തിന് വിനിയോഗിക്കാവുന്നതാണ്.

36. പ്രത്യേക വികസന നിധിയിൻ കീഴിൽ നിർമ്മിക്കുന്ന റോഡുകൾ, റോഡുകളുടെ വീതി കൂട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് വൈദ്യുതി പോസ്റ്റുകൾ മാറ്റി ഇടുന്നതിനായി തുക അനുവദിക്കാവുന്നതാണ്. ആയതിന്റെ ചെലവ് മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

37. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ കുടിവെള്ള പദ്ധതികൾ വൈദ്യുത പദ്ധതികൾ എന്നിവ തുക തികയാത്തതിനാൽ തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പൂർത്തിയാക്കുന്നതിനായി നിബന്ധനകളില്ലാതെ പ്രത്യേക വികസന നിധി വിനിയോഗിക്കാവുന്നതാണ്,

38. പ്രാദേശിക ഊർജ്ജ വികസന പദ്ധതി (LAPDS) യിലേക്ക് 5 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്.

39. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ , വൈ ഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതാണ്.

40. സർക്കാർ സ്കൂളുകൾക്ക് ബഞ്ച്, ഡെസ്ക്ക് മുതലായ ഫർണീച്ചർ വാങ്ങാവുന്നതാണ്.

## അനുബന്ധം 2

### അനുവദനീയമല്ലാത്ത പ്രവൃത്തികൾ

1. ഓഫീസ് കെട്ടിടങ്ങൾ, റെസിഡൻഷ്യൽ കെട്ടിടങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ/ സ്ഥാപനങ്ങൾ സംഘടനകൾ എന്നിവയ്ക്കുള്ള മറ്റു കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ.
2. വാണിജ്യ സ്ഥാപനങ്ങൾ, സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പ്രാഥമിക ക്ഷീര സഹകരണ സംഘം ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കൽ.
3. ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള ആസ്തികളുടെ ആവർത്തന സ്വഭാവമില്ലാത്ത അറ്റകുറ്റപ്പണികൾ ഒഴികെയുള്ള അറ്റകുറ്റപ്പണികളും നന്നാക്കലും.
4. ഗ്രാന്റുകളും ലോണുകളും അനുവദിക്കുക.
5. സ്മാരകങ്ങൾ, സ്മാരക മന്ദിരങ്ങൾ എന്നിവയുടെ നിർമ്മാണം.
6. ഇൻവെന്ററി സ്റ്റോക്ക്, മേശ, കസേര, ബെഞ്ച്, ഡെസ്ക്, ഫാൻ, ലൈറ്റ് തുടങ്ങിയവ പോലുള്ള ഫർണീച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ.
7. പൊതുശ്മശാനങ്ങൾക്ക് ഒഴികെയുള്ള ഭൂമി വാങ്ങൽ, ഭൂമി ഏറ്റെടുത്തതിന് നഷ്ട പരിഹാരം നൽകൽ.
8. വ്യക്തി കേന്ദ്രീകൃതമായ വാങ്ങലുകൾ.
9. ആരാധനാലയങ്ങൾ, പ്രാർത്ഥനാലയങ്ങൾ എന്നിവയ്ക്കായി തുക അനുവദിക്കുന്നത്.
10. സ്വകാര്യ സ്ഥാപനങ്ങളുടെ വികസനത്തിനായി തുക അനുവദിക്കൽ.
11. റോഡുകളുടെ ഉപരിതലം മിനുക്കൽ.
12. റോഡുകളുടെ ചെറിയ അറ്റകുറ്റപ്പണികൾക്കായി തുക അനുവദിക്കുന്നത്.

## അനുബന്ധം 3

### പ്രത്യേക വികസന നിധിയുടെ പുരോഗതി റിപ്പോർട്ട്

| ഇനം നം. | നിയോജക മണ്ഡലം | അക്കൗണ്ടിൽ നിലവിലുള്ള തുക | നടപ്പുമാസം റ്റിഎസ്ബി യിലേക്ക് ക്രെഡിറ്റ് ചെയ്ത തുക | ആകെ | നടപ്പുമാസം നൽകിയ ഭരണാനുമതികളുടെ എണ്ണം | മുൻമാസം വരെയുള്ള ചെലവ് കണക്ക് | നടപ്പ മാസത്തെ ചെലവ് | പ്രോഗ്രസ്സീവ് എക്സ്പെൻ്റിച്ചർ | നടപ്പ മാസത്തെ ക്ലോസിംഗ് ബാലൻസ് |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

**അനുബന്ധം 4**

## സൈൻബോർഡിന്റെ മാതൃക

എം.എൽ.എ.യുടെ പേര് :

പ്രവൃത്തിയുടെ പേര് :

പ്രവൃത്തി ആരംഭിച്ച തീയതി :

പ്രവൃത്തി പൂർത്തീകരിച്ച തീയതി :

അടങ്കൽ തുക :

പ്രത്യേക വികസന നിധി/ മറ്റു
ഫണ്ടുകളിൽ നിന്നുള്ള വിഹിതം :

ഉദ്ഘാടന തീയതി :

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ മാരുടെ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി- ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള കെട്ടിട നിർമ്മാണം അനുവദിക്കുന്നത്- മാർഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെൻ്റർ-സി) വകുപ്പ്**

**സ.ഉ(പി) നം. 591/2015/ധന തീയതി, തിരുവനന്തപുരം, 2015 ഡിസംബർ 29**

സൂചന: 1. 11.06.2012 ലെ സ.ഉ(പി)332/2012/ധന നം. ഉത്തരവ്
2. 19.02.2015 ലെ സ.ഉ (പി) 90/2015/ധന നം. ഉത്തരവ്

**ഉത്തരവ്**

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം . എൽ . എ മാർക്കും അവരുടെ നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ ആസ്തി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിയോജക മണ്ഡല ആസ്തി വികസന പദ്ധതി രൂപീകരിക്കുകയും സൂചന (1) ലെ ഉത്തരവ് പ്രകാരം ഇതിൻ്റെ വിനിയോഗം സംബന്ധിച്ച മാർഗരേഖകൾ പുറപ്പെടുവിക്കുകയുമുണ്ടായി. ഇപ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിൽ ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണത്തിന് എം.എൽ.എ. മാരുടെ ആസ്തി വികസന നിധി വിനിയോഗിക്കുന്നതിന് ഉതകും വിധം ആവശ്യമായ ഭേദഗതി വരുത്തണമെന്ന് കാലാകാലങ്ങളായി എം.എൽഎ മാർ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന സ്ഥലം സർക്കാരിൻ്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലായിരിക്കണമെന്നും അല്ലെങ്കിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തി ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഉപയോഗിക്കാത്ത പക്ഷം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാകുമെന്നുമുള്ള കരാർ വ്യവസ്ഥയോടെ ക്ഷീരവികസന വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് 10

ലക്ഷത്തിൽ അധികരിക്കാത്ത തുകയ്ക്കുള്ള ധനസഹായം ആസ്തിവികസന നിധിയിൽ നിന്നും ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

സൂചന (2) ലെ ഉത്തരവ് പ്രകാരം ഒരു നിയോജക മണ്ഡലത്തിന് ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന 10 ലക്ഷത്തിൽ കുറയാത്ത പ്രവൃത്തികളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ ക്ഷീരസഹകരണസംഘങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ശുപാർശ സമർപ്പിക്കുമ്പോൾ പ്രസ്തുത ഉത്തരവ് കൂടി കണക്കിലെടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വികെ.ബേബി
റിസോഴ്സ് സെക്രട്ടറി (ധനകാര്യം)

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ജിഎ.(എസ്.സി) വകുപ്പ് (06.11.2015 **ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പുകളിലെ ഇനം നം .7673- ലെ തീരുമാന പ്രകാരം**)
5. എല്ലാ നിയമസഭാ സാമാജികർക്കും
6. എല്ലാ സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
7. എല്ലാ വകുപ്പ് തലവൻമാർക്കും
8. എല്ലാ ജില്ലാ കളക്ടർമാർക്കും
9. ട്രഷറി ഡയറക്ടർ
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
13. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
14. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
15. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
16. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
17. നോഡൽ ഓഫീസർ, www.finance.kerala.gov.in
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ